പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 212

# 2013-ലെ കേരള ധനകാര്യ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 212

# 2013-ലെ കേരള ധനകാര്യ ബിൽ

900/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 212

# 2013-ലെ കേരള ധനകാര്യ ബിൽ

2013-2014 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2013-2014 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2013-ലെ കേരള ധനകാര്യ ആക്റ്റ് എന്ന് പേര് പറയാം.

2. 1955-ലെ XII-ാം ആക്റ്റിന്റെ ഭേദഗതി.—1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റിൽ (1955-ലെ XII),—

(1) 5-ാം വകുപ്പിൽ, "100 രൂപയോ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം "ആയിരം രൂപയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) 6-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിൽ, "അഞ്ചു രൂപയിൽ" എന്ന വാക്കുകൾക്കു പകരം "അൻപതു രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(3) 7-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിൽ, ''നൂറു രൂപയിൽ'' എന്ന വാക്കുകൾക്കു പകരം "ആയിരം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(4) 12-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, ''നൂറു രൂപയിൽ'' എന്ന വാക്കുകൾക്കു പകരം "ആയിരം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

900/2013.

(5) 13-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിൽ, ''100 രൂപയിൽ'' എന്ന അക്കങ്ങൾക്കും വാക്കിനും പകരം "ആയിരം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(6) 15-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, ''പത്തു രൂപയിൽ'' എന്ന വാക്കുകൾക്കു പകരം "നൂറു രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(7) 22-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, ''പത്തു രൂപയിൽ'' എന്ന വാക്കുകൾക്കു പകരം "നൂറു രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(8) 31-ാം വകുപ്പിൽ, "ഓരോ രൂപ" എന്ന വാക്കുകൾക്കു പകരം "പത്തു രൂപ" എന്ന വാക്കുകളും "രണ്ടണ" എന്ന വാക്കിനു പകരം "അഞ്ചു രൂപ" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

3. 1958-ലെ 35-ാം ആക്റ്റിന്റെ ഭേദഗതി.—1958-ലെ കേരള പണം കടം കൊടുപ്പുകാർ ആക്റ്റിൽ (1958-ലെ 35),—

(1) 4-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന്റെ (i)-ാം ഖണ്ഡത്തിൽ, "അയ്യായിരം രൂപ" എന്ന വാക്കുകൾക്കു പകരം "പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) 11ബി വകുപ്പിൽ, "റിട്ടേണുകളും ഫാറങ്ങളും മറ്റു പത്രികകളും" എന്ന വാക്കുകൾക്കു മുൻപായി "പുതുക്കിയ റിട്ടേണുകളും ഫാറങ്ങളും മറ്റു പത്രികകളും ഉൾപ്പെടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 1959-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.—1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17),—

(1) 4-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, "നൂറു രൂപ" എന്ന വാക്കുകൾക്കു പകരം "അഞ്ഞൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) 28-ാം വകുപ്പിൽ,—

(എ) 28-ാം വകുപ്പിനെ അതിന്റെ (1)-ാം ഉപവകുപ്പായി പുനരക്കമിടേണ്ടതും അങ്ങനെ പുനരക്കമിട്ട (1)-ാം ഉപവകുപ്പിൽ "വല്ല പ്രതിഫലവും ഉണ്ടെങ്കിൽ, അതും" എന്ന വാക്കുകൾക്കു പകരം "വല്ല പ്രതിഫലവും ഉണ്ടെങ്കിൽ അതും വസ്തുവിന്റെ ന്യായവിലയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) അങ്ങനെ പുനരക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(2) കരണത്തിൽ കാണിച്ചിട്ടുള്ള വിലയിൻമേലോ പ്രതിഫലത്തിൻമേലോ അല്ലാതെ ഭൂമിയുടെയും വസ്തുവിന്റെയും ന്യായവിലയിൻമേൽ ഒരു അഡ്വലോറം ഡ്യൂട്ടി ചുമത്തേണ്ട സ്ഥാവരവസ്തുവിനെ സംബന്ധിച്ച കരണങ്ങളുടെ സംഗതിയിൽ,

അങ്ങനെയുള്ള കരണങ്ങളിൽ, അവയിലുൾപ്പെട്ട ഭൂമിയിൽ കെട്ടിടം വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടെയുള്ള മറ്റെല്ലാ വസ്തുവകകളുടെയും വില, പൂർണ്ണമായും ശരിയായും കാണിക്കേണ്ടതാണ്." ;

(3) 29-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "സലയുടെ അവസ്ഥപോലെയുള്ള മുദ്രവില" എന്ന വാക്കുകൾക്കു പകരം "ഭൂമിയുടെ ന്യായവിലയിൻമേലും വസ്തുവിൽ കെട്ടിടം വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടെയുള്ള മറ്റെല്ലാ വസ്തുക്കളുടെയും വിലയിൻമേലും ഉള്ള അഡ്വലോറം ഡ്യൂട്ടി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) (2)-ാം ഉപവകുപ്പിൽ, "സലയുടെ അവസ്ഥപോലെയുള്ള മുദ്രവില" എന്ന വാക്കുകൾക്കു പകരം "ഭൂമിയുടെ ന്യായവിലയിൻമേലും വസ്തുവിൽ കെട്ടിടം വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടെയുള്ള മറ്റെല്ലാ വസ്തുക്കളുടെയും വിലയിൻമേലും ഉള്ള അഡ്വലോറം ഡ്യൂട്ടി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(സി) (3)-ാം ഉപവകുപ്പിൽ, "സലയുടെ അവസ്ഥപോലെയുള്ള മുദ്രവില" എന്ന വാക്കുകൾക്കു പകരം "ഭൂമിയുടെ ന്യായവിലയിൻമേലും വസ്തുവിൽ കെട്ടിടം വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടെയുള്ള മറ്റെല്ലാ വസ്തുക്കളുടെയും വിലയിൻമേലും ഉള്ള അഡ്വലോറം ഡ്യൂട്ടി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(4) 31-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, "കളക്ടർ ഓരോ സംഗതിയിലും, നിർദ്ദേശിക്കുന്ന ഒരു തുക ഫീസായി അടയ്ക്കുകയും (ഈ തുക പത്തു രൂപയിൽ കവിയാനും ഒരു രൂപയിൽ കുറയാനും പാടില്ല)" എന്ന വാക്കുകൾക്കു പകരം "അൻപത് രൂപ ഫീസായി അടയ്ക്കുകയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(5) 34-ാം വകുപ്പിൽ, ക്ലിപ്തനിബന്ധനയിലെ (എ) ഖണ്ഡത്തിൽ, "അഞ്ചു രൂപ" എന്ന വാക്കുകൾ വരുന്ന രണ്ടിടത്തും അവയ്ക്കു പകരം "പത്തു രൂപ" എന്ന വാക്കുകളും "പത്തിരട്ടിക്ക് തുല്യമായ" എന്ന വാക്കുകൾക്കു പകരം "ഇരുപത് ഇരട്ടിക്ക് തുല്യമായ" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ് ;

(6) 39-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ, "അഞ്ച് രൂപ" എന്ന വാക്കുകൾക്കു പകരം "പത്ത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(7) പട്ടികയിൽ,—

(എ) ക്രമനമ്പർ 10-ൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"പതിനായിരം രൂപ" ;

(ബി) ക്രമനമ്പർ 15-ൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"അഞ്ഞൂറ് രൂപ" ;

(സി) ക്രമനമ്പർ 21-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം യഥാക്രമം താഴെ പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

| | | |
|---|---|---|
| "21. | (i) 22-ാം നമ്പരിൽ പറഞ്ഞിട്ടുള്ള തീറാധാരമല്ലാത്തതും 55-ാം നമ്പർ പ്രകാരം മുദ്രവില ചുമത്തപ്പെട്ടതോ ഒഴിവാക്കപ്പെട്ടതോ ആയ ഒരു ക്ലൈമ്പറ്റം അല്ലാത്തതുമായ 2(ഡി) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള തീറാധാരം | അങ്ങനെയുള്ള തീറാധാരം സംബന്ധിച്ച് ഭൂമിയുടെ ന്യായവില അല്ലെങ്കിൽ പ്രതിഫലത്തിന്റെ തുകയോ മൂല്യമോ, ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ അഞ്ച് രൂപ. |
| | (ii) മുൻ തീറാധാരത്തിൽ ഉൾപ്പെട്ട മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തിനെയോ സംബന്ധിച്ച് മുകളിൽ (i)-ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, അങ്ങനെയുള്ള മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിൽ ഒപ്പിട്ടു പൂർത്തീകരിക്കുമ്പോൾ | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവില അല്ലെങ്കിൽ മുകളിൽ (i) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ രണ്ടിരട്ടി. |

| | |
|---|---|
| (iii) മുൻ തീറാധാരത്തിൽ ഉൾപ്പെട്ട മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തിനെയോ സംബന്ധിച്ച് മുകളിൽ (i)-ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, അങ്ങനെയുള്ള മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസത്തിനു ശേഷവും ആറ് മാസത്തിനു മുമ്പും ഒപ്പിട്ട് പൂർത്തീകരിക്കുമ്പോൾ | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവില അല്ലെങ്കിൽ മുകളിൽ (i) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഒന്നര ഇരട്ടി. |

വിശദീകരണം:—മുൻ തീറാധാരത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവിന്റെയും ഒരു ഭാഗത്തെയോ ഭാഗങ്ങളെയോ സംബന്ധിച്ച് നൽകേണ്ടതായ മുദ്രവിലയുടെ, അതതു സംഗതിപോലെ, രണ്ടിരട്ടിയോ ഒന്നര ഇരട്ടിയോ വരുന്ന തുക മുൻ തീറാധാരത്തിൽ നൽകിയിട്ടുള്ള മുദ്രവിലയ്ക്ക് ആനുപാതികമായി കണക്കാക്കേണ്ടതാകുന്നു.” ;

(ഡി) ക്രമനമ്പർ 22-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം യഥാക്രമം താഴെ പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| “ 22. 55-ാം നമ്പർ പ്രകാരം മുദ്രവില ചുമത്തിയതോ അഥവാ ഒഴിവാക്കിയതോ ആയ ഒരു കൈമാറ്റം അല്ലാത്ത, 2(ഡി) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള, തീറാധാരത്തിലെ സ്ഥാവര വസ്തു സ്ഥിതിചെയ്യുന്നത്,— | |
| (i) മുനിസിപ്പാലിറ്റികൾ/ടൗൺഷിപ്പുകൾ/കോർപ്പറേഷനുകൾ അല്ലാത്ത കന്റോൺമെന്റുകൾ എന്നിവയ്ക്കുള്ളിൽ ആണെങ്കിൽ | അങ്ങനെയുള്ള തീറാധാരം സംബന്ധിച്ച ഭൂമിയുടെ ന്യായവില അല്ലെങ്കിൽ പ്രതിഫലത്തിന്റെ തുകയോ മൂല്യമോ, ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ആറ് രൂപ. |

| | |
|---|---|
| (ii) മുൻ തീറാധാരത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തെയോ സംബന്ധിച്ച് മുകളിൽ (i)-ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ ഒപ്പിട്ടു പൂർത്തീകരിക്കുമ്പോൾ | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവില അല്ലെങ്കിൽ മുകളിൽ (i) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ രണ്ടിരട്ടി. |
| (iii) മുൻ തീറാധാരത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തെയോ സംബന്ധിച്ച് മുകളിൽ (i)-ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, മുൻതീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസത്തിനു ശേഷവും ആറ് മാസത്തിനു മുമ്പായും ഒപ്പിട്ടുപൂർത്തീകരിക്കുമ്പോൾ | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവില അല്ലെങ്കിൽ മുകളിൽ (i) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഒന്നര ഇരട്ടി. |
| (iv) മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ളിൽ | അങ്ങനെയുള്ള തീറാധാരം സംബന്ധിച്ച ഭൂമിയുടെ ന്യായവില അല്ലെങ്കിൽ പ്രതിഫലത്തിന്റെ തുകയോ മൂല്യമോ, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഏഴു രൂപ. |
| (v) മുൻ തീറാധാരത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തെയോ സംബന്ധിച്ച് മുകളിൽ (iv)-ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ ഒപ്പിട്ട് പൂർത്തീകരിക്കുമ്പോൾ | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവില അല്ലെങ്കിൽ മുകളിൽ (iv) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ രണ്ടിരട്ടി. |

| | |
|---|---|
| (vi) മുൻ തീറാധാരത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവിനെയോ അതിന്റെ ഭാഗത്തെയോ സംബന്ധിച്ച് മുകളിൽ (iv)-ൽ പറഞ്ഞ പ്രകാരമുള്ള തീറാധാരം, മുൻ തീറാധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ മൂന്ന് മാസത്തിനു ശേഷവും ആറ് മാസത്തിനു മുമ്പായും ഒപ്പിട്ടു പൂർത്തീകരിക്കുമ്പോൾ | മുൻ തീറാധാരത്തെ സംബന്ധിച്ച് നൽകിയ മുദ്രവില അല്ലെങ്കിൽ മുകളിൽ (iv) പ്രകാരം നൽകേണ്ടതായ മുദ്രവില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഒന്നര ഇരട്ടി. |

വിശദീകരണം:—മുൻ തീറാധാരത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുവിന്റെയും ഒരു ഭാഗത്തെയോ ഭാഗങ്ങളെയോ സംബന്ധിച്ച് നൽകേണ്ടതായ മുദ്രവിലയുടെ, അതതു സംഗതിപോലെ, രണ്ടിരട്ടിയോ ഒന്നര ഇരട്ടിയോ വരുന്ന തുക, മുൻ തീറാധാരത്തിൽ നൽകിയിട്ടുള്ള മുദ്രവിലയ്ക്ക് ആനുപാതികമായി കണക്കാക്കേണ്ടതാകുന്നു." ;

(ഇ) ക്രമനമ്പർ 23-ൽ,—

(i) (i)-ാം ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"ഇരുപത് രൂപ" ;

(ii) (ii)-ാം ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"അൻപത് രൂപ" ;

(എഫ്) ക്രമനമ്പർ 40-ൽ,—

(i) (ബി) ഖണ്ഡത്തിൽ,—

(എ) (i)-ാം ഉപഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ, "250 രൂപ എന്ന പരമാവധിക്കു വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും വിട്ടുകളയേണ്ടതാണ് ;

(ബി) (ii)-ാം ഉപഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ, "250 രൂപ എന്ന പരമാവധിക്കു വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും വിട്ടുകളയേണ്ടതാണ് ;

(ii) (സി) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ, "250 രൂപ എന്ന പരമാവധിക്കു വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും വിട്ടുകളയേണ്ടതാണ് ;

(iii) (ഡി) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ, "250 രൂപ എന്ന പരമാവധിക്കു വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും വിട്ടുകളയേണ്ടതാണ് ;

(ജി) ക്രമനമ്പർ 43-ൽ,—

(i) എ ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"അയ്യായിരം രൂപ" ;

(ii)ബി ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"ആയിരം രൂപ" ;

(എച്ച്) ക്രമനമ്പർ 51-ൽ, (ബി) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ, ''നൂറു രൂപ'' എന്ന വാക്കുകൾക്കു പകരം ''അഞ്ഞൂറ് രൂപ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ഐ) ക്രമനമ്പർ 54-ൽ, (ബി) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"ഇരുനൂറ്റി അൻപത് രൂപ" .

5. 1960-ലെ 10-ാം ആക്റ്റിന്റെ ഭേദഗതി.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിൽ (1960-ലെ 10),—

(1) 52എ വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"52എ. ആദായനികുതി അപ്പലേറ്റ് ട്രിബ്യൂണലിന്റെയും വെൽത്ത് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണലിന്റെയും ഉത്തരവിനെതിരായ അപ്പീൽ മെമ്മോറാണ്ടത്തിൻമേലുള്ള ഫീസ്.—52-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1961-ലെ ആദായനികുതി ആക്റ്റിൻ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള ആദായനികുതി അപ്പലേറ്റ് ട്രിബ്യൂണലിന്റെയും 1957-ലെ വെൽത്ത് ടാക്സ് ആക്റ്റിൽ (1957-ലെ 27-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള വെൽത്ത് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണലിന്റെയും ഉത്തരവിനെതിരെ, ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്യുന്ന അപ്പീൽ മെമ്മോറാണ്ടത്തിൻമേൽ

നൽകേണ്ടതായ ഫീസ്, യഥാക്രമം, II-ാം പട്ടികയുടെ 3-ാം അനുച്ഛേദത്തിൽ (iii)-ാം ഇനത്തിന്റെ (സി)-യും (ഡി)-യും ഉപഇനങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിൽ ആയിരിക്കുന്നതാണ്.";

(2) 69-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''69എ. സിവിൽ നടപടി നിയമസംഹിതയിലെ 89-ാം വകുപ്പിൻകീഴിൽ കോടതിക്ക് പുറത്ത് തീർപ്പാക്കുന്നതിനായി തർക്കങ്ങൾ കോടതി റഫർ ചെയ്യുന്ന സംഗതിയിൽ കോർട്ട് ഫീസ് തിരികെ നൽകൽ.—1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്ട്) 89-ാം വകുപ്പ് പ്രകാരം ആർബിട്രേഷൻ, അനുരഞ്ജനം, ലോക അദാലത്ത് അല്ലെങ്കിൽ മീഡിയേഷൻ മുഖേനയുള്ള തീർപ്പാക്കൽ ഉൾപ്പെടെയുള്ള ജുഡീഷ്യൽ സെറ്റിൽമെന്റ് എന്നിവയ്ക്കായി കോടതി ഒരു വ്യവഹാരം റഫർ ചെയ്യുന്നിടത്ത്, അന്യായത്തിൻമേൽ നൽകിയ മുഴുവൻ ഫീസും ആരാണോ നൽകിയത് ആ കക്ഷികൾക്ക് തിരികെ നൽകേണ്ടതാണെന്ന് കോടതി ഉത്തരവാകേണ്ടതാണ്.";

(3) 76-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, ''അപ്പീലുകളെയോ റിവിഷനുകളെയോ സംബന്ധിച്ച്'' എന്ന വാക്കുകൾക്ക് പകരം ''ഒറിജിനൽ പെറ്റീഷനുകളെയോ ഒറിജിനൽ അപേക്ഷകളെയോ അപ്പീലുകളെയോ റിവിഷനുകളെയോ സംബന്ധിച്ച്" എന്ന വാക്കുകളും, "അപ്പീലിനോ റിവിഷനോ" എന്ന വാക്കുകൾക്ക് പകരം "ഒറിജിനൽ പെറ്റീഷനോ ഒറിജിനൽ അപേക്ഷയ്ക്കോ അപ്പീലിനോ റിവിഷനോ" എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ് ;

(4) II-ാം പട്ടികയിൽ,—

(എ) (3)-ാം അനുച്ഛേദത്തിൽ, (iii)-ാം ഇനത്തിന്റെ (സി) ഉപഇനത്തിൽ,—

(i) (2)-ാം കോളത്തിലെ "അല്ലെങ്കിൽ 1957-ലെ വെൽത്ത് ടാക്സ് ആക്ട് പ്രകാരം" എന്ന വാക്കുകളും അക്കങ്ങളും വിട്ടുകളയേണ്ടതാണ്;

(ii) (2)-ാം കോളത്തിലെ (ഡി) ഖണ്ഡത്തിനെതിരെയുള്ള (3)-ാം കോളത്തിൽ, ''അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്കു പകരം ''ഏറ്റവും കുറഞ്ഞത് അഞ്ഞൂറ് രൂപ എന്നതിനു വിധേയമായി, ആവശ്യപ്പെടുന്ന നിവൃത്തിയുടെ പത്ത് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iii) (3)-ാം കോളത്തിലെ (സി) ഉപഇനത്തിനും അതിനെതിരെയുള്ള ഉൾക്കുറിപ്പുകൾക്കും ശേഷം യഥാക്രമം താഴെ പറയുന്ന ഉപഇനവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

"(ഡി) 1957-ലെ വെൽത്ത് ടാക്സ് ആക്റ്റിൻകീഴിലുള്ള അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഒരു ഉത്തരവിൽ നിന്നുള്ള,—

| | | |
|---|---|---|
| (എ) | അപ്പീലുമായി ബന്ധപ്പെട്ട കേസിൽ, അസസ്സിംഗ് ഉദ്യോഗസ്ഥൻ കണക്കാക്കിയ പ്രകാരമുള്ള അസസ്സിയുടെ മൊത്തം അറ്റസ്വത്ത് ഒരു ലക്ഷം രൂപയോ അതിൽ കുറവോ ആകുന്നിടത്ത് | അഞ്ഞൂറ് രൂപ |
| (ബി) | അങ്ങനെയുള്ള അറ്റസ്വത്ത് ഒരു ലക്ഷം രൂപയിൽ കവിയുകയും എന്നാൽ രണ്ട് ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത് | ആയിരത്തി അഞ്ഞൂറ് രൂപ |
| (സി) | അങ്ങനെയുള്ള അറ്റസ്വത്ത് രണ്ടു ലക്ഷം രൂപയിൽ കവിയുന്നിടത്ത് | പരമാവധി പതിനായിരം രൂപയ്ക്ക് വിധേയമായി, തിട്ടപ്പെടുത്തിയ അറ്റസ്വത്തിന്റെ ഒരു ശതമാനം |
| (ഡി) | ഒരു അപ്പീലിന്റെ വിഷയം, മുകളിൽ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചതൊഴികെയുള്ള ഏതെങ്കിലും കാര്യവുമായി ബന്ധപ്പെട്ടിരിക്കുന്നിടത്ത് | ഏറ്റവും കുറഞ്ഞത് 500 രൂപ എന്നതിനു വിധേയമായി ആവശ്യപ്പെടുന്ന നിവൃത്തിയുടെ പത്ത് ശതമാനം."; |

(ബി) 4-ാം അനുച്ഛേദത്തിൽ, (2)-ാം കോളത്തിലെ "1940-ലെ ആർബിട്രേഷൻ ആക്റ്റിലെ 39-ാം വകുപ്പ് പ്രകാരമുള്ള" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "1996-ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ ആക്റ്റ് പ്രകാരമുള്ള" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

(സി) 10-ാം അനുച്ഛേദത്തിൽ, (ജി) ഖണ്ഡത്തിനും അതിനെതിരെ (3)-ാം കോളത്തിലുള്ള ഉൾക്കുറിപ്പുകൾക്കും പകരം താഴെ പറയുന്ന ഖണ്ഡവും ഉൾക്കുറിപ്പുകളും, യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) ഭാരതത്തിന് പുറത്ത് ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സ്വകാര്യ പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അപേക്ഷ,—

| | | |
|---|---|---|
| (i) | പ്രമാണത്തിന്റെ കൃത്യതയുടെ പരിശോധന ഉൾപ്പെടുമ്പോൾ | നൂറ് രൂപ |
| (ii) | ഒരു നോട്ടറിയുടെ സാക്ഷ്യപ്പെടുത്തലിനുശേഷം മേലൊപ്പ് ആവശ്യമാകുമ്പോൾ | അൻപത് രൂപ.". |

6. 1963-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.—1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റിൽ (1963-ലെ 15),—

(1) 17-ാം വകുപ്പിൽ,—

(എ) (6)-ാം ഉപവകുപ്പിൽ, നാലാം ക്ലിപ്തനിബന്ധനയ്ക്കുപകരം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാൽതന്നെയും, 2013 മാർച്ച് 31-ാം തീയതി തീർപ്പാകാതെ നിലവിലുണ്ടായിരുന്ന എല്ലാ നികുതിനിർണ്ണയങ്ങളും 2014 മാർച്ച് 31-ാം തീയതിയിലോ അതിനുമുൻപോ പൂർത്തിയാക്കേണ്ടതാണ്.";

(ബി) (8)-ാം ഉപവകുപ്പിൽ,—

(i) ഒന്നാമത്തെ ക്ലിപ്തനിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 2013 മാർച്ച് 31-ാം തീയതി തീർപ്പാകാതെ നിലവിലുണ്ടായിരുന്ന അങ്ങനെയുള്ള എല്ലാ നികുതിനിർണ്ണയങ്ങളും അല്ലെങ്കിൽ പുനർനികുതിനിർണ്ണയങ്ങളും 2014 മാർച്ച് 31-ാം തീയതിയിലോ അതിനുമുൻപായോ പൂർത്തിയാക്കേണ്ടതാണ്.";

(ii) മൂന്നാമത്തെ ക്ലിപ്തനിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, 2013 മാർച്ച് 31-ാം തീയതി തീർപ്പാകാതെ നിലവിലുണ്ടായിരുന്ന അങ്ങനെയുള്ള എല്ലാ പുതുക്കിയ നികുതിനിർണ്ണയങ്ങളും അല്ലെങ്കിൽ പുതുക്കിയ പുനർനികുതിനിർണ്ണയങ്ങളും അല്ലെങ്കിൽ മടക്കിഅയച്ച നികുതിനിർണ്ണയങ്ങളും 2014 മാർച്ച് 31-ാം തീയതിയിലോ അതിനുമുൻപായോ പൂർത്തിയാക്കേണ്ടതാണ്.";

(2) 23 ബി വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ, "2011 സെപ്റ്റംബർ 30-ാം തീയതിക്ക്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2013 ഡിസംബർ 31-ാം തീയതിക്ക്" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

(ബി) (4)-ാം ഉപവകുപ്പിൽ, "2011 സെപ്റ്റംബർ 30-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2013 ഡിസംബർ 31-ാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

(സി) ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ് ;

(ഡി) (7)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

"(7) ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഉത്തരവിലോ ഡിക്രിയിലോ വിധിന്യായ ത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു നികുതിദായകൻ ഈ വകുപ്പ് പ്രകാരം അദ്ദേഹത്തിന്റെ കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കുകയാണെങ്കിൽ,—

(i) തെരഞ്ഞെടുക്കലിൻകീഴിലുള്ള കുടിശ്ശിക സംബന്ധിച്ച് ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അധികാരസ്ഥാനത്തിന്റെയോ മുൻപാകെ തീർപ്പാകാതെ നിലനിൽക്കുന്ന എല്ലാ കേസുകളും അയാൾ പിൻവലി ക്കേണ്ടതും ;

(ii) തെരഞ്ഞെടുക്കലിൻകീഴിൽ ഇതിനകം തീർപ്പാക്കിയിട്ടുള്ള കുടിശ്ശിക സംബന്ധിച്ച്, അങ്ങനെയുള്ള കുടിശ്ശിക സംബന്ധിച്ച ബാധ്യതയിൽ കുറവ് വരുത്തി ക്കൊണ്ട് ഒരു ഉത്തരവോ ഡിക്രിയോ വിധിന്യായമോ ഏതെങ്കിലും കോടതിയോ ട്രിബ്യൂണലോ അപ്പലേറ്റ് അധികാരസ്ഥാനമോ പാസ്സാക്കിയിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള ഉത്തരവിലോ ഡിക്രിയിലോ വിധിന്യായത്തിലോ ഉൾപ്പെട്ടിട്ടുള്ള അങ്ങനെയുള്ള കുടിശ്ശിക സംബന്ധിച്ച് യാതൊരു തിരികെ നൽകലും അനുവദിക്കുന്നതല്ലാത്തതും ;

(iii) ഈ വകുപ്പ് പ്രകാരം തീർപ്പാക്കിയ തുക സംബന്ധിച്ച് ഏതെങ്കിലും കോടതിയിലോ ട്രിബ്യൂണലിലോ അപ്പലേറ്റ് അധികാരസ്ഥാനത്തിലോ യാതൊരു അപ്പീലും നിലനിൽക്കുന്നതല്ലാത്തതും,

ആകുന്നു.";

(3) 47-ാം വകുപ്പിൽ, (എ) ഇനത്തിൽ, "രണ്ടു ലക്ഷം രൂപയ്ക്കും" എന്ന വാക്കുകൾക്കു പകരം "എട്ടു ലക്ഷം രൂപയ്ക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(4) പട്ടികയിൽ, ക്രമനമ്പർ "2. വിദേശ മദ്യം" എന്നതിൽ, "(ii) ബിയറും വൈനും ഒഴികെ" എന്ന ഇനത്തിനെതിരെ "നികുതിയുടെ നിരക്ക് (ശതമാനം)" എന്ന ശീർഷകത്തിൻകീഴിൽ, "100" എന്ന അക്കങ്ങൾക്കു പകരം "105" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

7. 1975-ലെ 7-ാം ആക്റ്റിന്റെ ഭേദഗതി.—1975-ലെ കേരള കെട്ടിടനികുതി ആക്റ്റിൽ (1975-ലെ 7), പട്ടികയിൽ, "മറ്റു കെട്ടിടങ്ങൾ", എന്ന ശീർഷകത്തിൻകീഴിൽ, കുറിപ്പ് (2)-നുശേഷം താഴെ പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി വിനിർദ്ദേശിക്കാവുന്ന, അങ്ങനെയുള്ള അളവുകളോടും പ്രത്യേകതകളോടും കൂടിയ മഴവെള്ളസംഭരണത്തിനും ഉറവിടത്തിൽ മാലിന്യസംസ്കരണത്തിനും വേണ്ടിയുള്ള സംവിധാനങ്ങളും സോളാർ പാനലുകളും സ്ഥാപിച്ചിട്ടുള്ള 185.87 ചതുരശ്ര മീറ്ററിലും അതിലധികവും തറവിസ്തീർണ്ണമുള്ളതും 2013 ഏപ്രിൽ 1-ാം തീയതിയോ അതിനു ശേഷമോ പൂർത്തിയാക്കിയതും ആയ കെട്ടിടങ്ങളുടെ സംഗതിയിൽ കെട്ടിടനികുതി നിരക്ക് അൻപതുശതമാനം കുറയ്ക്കേണ്ടതാണ്.".

8. 1976-ലെ 32-ാം ആക്റ്റിന്റെ ഭേദഗതി.—1976-ലെ കേരള ആഡംബരങ്ങളി ന്മേലുള്ള നികുതി ആക്റ്റിൽ (1976-ലെ 32),—

(1) 4-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

''4എ. ഐക്യരാഷ്ട്രസഭയ്ക്കോ അതുപോലുള്ള അന്താരാഷ്ട്ര നികായങ്ങൾക്കോ ഉള്ള ഒഴിവാക്കലുകൾ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഐക്യരാഷ്ട്രസഭയുടെയോ അതുപോലുള്ള മറ്റ് അന്താരാഷ്ട്ര നികായങ്ങളുടെയോ ജീവനക്കാർക്കും പ്രതിനിധികൾക്കും ഡെലിഗേറ്റുകൾക്കും ഈ ആക്റ്റ് പ്രകാരം നൽകിയ ഏതെങ്കിലും ആഡംബരം സംബന്ധിച്ച് ഈ ആക്റ്റിൻകീഴിൽ യാതൊരു നികുതിയും ചുമത്തുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഒഴിവാക്കൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായിരിക്കുന്നതുമാണ്.";

(2) 5ബി വകുപ്പിൽ, "റിട്ടേണുകളും ഫാറങ്ങളും മറ്റു പത്രികകളും" എന്ന വാക്കുകൾക്കു മുൻപായി "പരിഷ്കരിച്ച റിട്ടേണുകളും ഫാറങ്ങളും മറ്റു പത്രികകളും ഉൾപ്പെടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(3) 6-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിൽ, നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെ പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 2013 മാർച്ച് 31-ാം തീയതിയിൽ തീർപ്പാകാതെ നിലവിലിരിക്കുന്ന, 2007-08 വർഷം വരെയും അത് ഉൾപ്പെടെയും ഉള്ള വർഷങ്ങളുമായി ബന്ധപ്പെട്ട എല്ലാ നികുതിനിർണ്ണയങ്ങളും 2014 മാർച്ച് 31-ാം തീയതിയോ അതിനുമുൻപായോ പൂർത്തിയാക്കേണ്ടതാണ് :

എന്നുമാത്രമല്ല, ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും അന്വേഷണമോ അന്വേഷണ വിചാരണയോ നിലവിലിരിക്കുകയോ ഈ വകുപ്പ് പ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഏതെങ്കിലും നികുതിനിർണ്ണയം പൂർത്തിയാക്കാൻ കഴിയാതിരിക്കുകയോ ചെയ്യുന്ന സംഗതികളിൽ, ഡെപ്യൂട്ടി കമ്മീഷണർക്ക്, ശരിയായതും മതിയായതുമായ കാരണങ്ങളാൽ, നികുതിനിർണ്ണയം പൂർത്തിയാക്കുന്നതിനുള്ള കാലാവധി, ഈ വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുമപ്പുറം ദീർഘിപ്പിച്ചു നൽകാവുന്നതാണ്";

(4) 17 ബി വകുപ്പിൽ, (1)-ാം ഉപവകുപ്പിലെ (എ) ഇനത്തിൽ "നാലു ലക്ഷം രൂപയ്ക്കും" എന്ന വാക്കുകൾക്കു പകരം "എട്ടു ലക്ഷം രൂപയ്ക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 1991-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.—1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റിലെ (1991-ലെ 15) 3-ാം വകുപ്പിൽ, ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 2013 ഏപ്രിൽ 1-ാം തീയതി മുതൽ, 1956-ലെ കമ്പനികൾ ആക്റ്റിൻ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി ഒഴികെയുള്ള ഏതൊരാൾക്കും, യാതൊരു നികുതിയും ചുമത്തുവാൻ പാടുള്ളതല്ല.".

10. 2004-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.—2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ (2004-ലെ 30),—

(1) 6-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(എ) പട്ടികയിൽ,—

(i) ക്രമനമ്പർ 1-ൽ, (4)-ാം കോളത്തിലെ "15" എന്ന അക്കത്തിനുപകരം "20" എന്ന അക്കം ചേർക്കേണ്ടതാണ് ;

(ii) ക്രമനമ്പർ 3-ൽ, (2)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"സാധനങ്ങൾ വഹിക്കുന്നതിന് വെസ്റ്റ് ടൈപ്പ് സ്വയം വാഹക സവിശേഷതയുള്ള പോളിപ്രൊപ്പൈലിൻ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് കൊണ്ടു നിർമ്മിച്ച ക്യാരി ബാഗുകൾ";

(iii) ക്രമനമ്പർ 3-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം (4)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം താഴെ പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| "3എ. | പ്ലാസ്റ്റിക് കൊണ്ടു നിർമ്മിച്ച ഡിസ്പോസിബിൾ പ്ലേറ്റുകളും കപ്പുകളും ഇലകളും. | *** | 20"; |

(ബി) (ഡി) ഖണ്ഡത്തിൽ, "13.5%" എന്ന അക്കങ്ങളും ചിഹ്നവും വരുന്ന രണ്ടിടത്തും "14.5 ശതമാനം" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ് ;

(സി) (എഫ്) ഖണ്ഡത്തിൽ,"13.5 ശതമാനം" എന്ന അക്കങ്ങൾക്കും വാക്കിനും പകരം "14.5 ശതമാനം" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ് ;

(ഡി) പന്ത്രണ്ടാം ക്ലിപ്ത നിബന്ധനയിൽ "നികുതിയിൽനിന്ന്" എന്ന വാക്കുകൾക്കുശേഷം "2006 ഏപ്രിൽ 1-ാം തീയതി മുതൽ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

(ഇ) പതിമൂന്നാം ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, 1987-ലെ കാർഡമം (ലൈസൻസിംഗ് ആന്റ് മാർക്കറ്റിംഗ്) ചട്ടങ്ങളിൻകീഴിൽ, സ്പൈസസ് ബോർഡ് നൽകുന്ന സാധുവായ ഒരു ലൈസൻസുള്ള

ലേലകേന്ദ്രത്തിൽ നടത്തുന്ന ഏലത്തിന്റെ വിൽപ്പനയിന്മേലുള്ള നികുതി, ലേലഘട്ടത്തിൽ മാത്രം, രണ്ട് ശതമാനം നിരക്കിലായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റിൻകീഴിൽ (1969-ലെ 21) രജിസ്റ്റർ ചെയ്ത പാൽവിതരണക്കാരുടെ സഹകരണസംഘങ്ങൾ അവരുടെ വ്യാപാരസ്ഥലങ്ങളിൽ സ്ഥാപിച്ച കാന്റീനുകൾവഴി വിൽക്കുന്ന പാകം ചെയ്ത ഭക്ഷണത്തെയും പാനീയങ്ങളെയും 2011 ഏപ്രിൽ 1-ാം തീയതി മുതൽ നികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.";

(2) 8-ാം വകുപ്പിൽ,—

(എ) (ജി) ഖണ്ഡത്തിൽ, "13.5%" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും പകരം "14.5 ശതമാനം" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ് ;

(ബി) (ജി) ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്) 6-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിലെ പട്ടികയിലെ ക്രമനമ്പർ 1-ൽ പരാമർശിച്ചിട്ടുള്ള സിഗരറ്റുകളുടെയും സമാന ഉൽപ്പന്നങ്ങളുടെയും ഇറക്കുമതിക്കാരനോ ഉൽപ്പാദകനോ ആയ ഏതൊരു വ്യാപാരിക്കും, അയാളുടെ ഇച്ഛാനുസരണം പ്രസ്തുത ഉപവകുപ്പ് പ്രകാരം അങ്ങനെയുള്ള സാധനങ്ങൾക്ക് അയാൾ നൽകേണ്ട നികുതിക്ക് പകരം, നിർണ്ണയിക്കപ്പെടാവുന്ന, അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും, അങ്ങനെയുള്ള സാധനങ്ങളുടെ പരമാവധി ചില്ലറ വിലയുടെ 20 ശതമാനം നിരക്കിൽ നികുതി നൽകാവുന്നതാണ്.

വിശദീകരണം:—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, സാധനങ്ങളെ സംബന്ധിച്ച പരമാവധി ചില്ലറവില എന്നാൽ അങ്ങനെയുള്ള സാധനങ്ങളുടെ പാക്കേജിൽ അച്ചടിച്ച, അന്തിമ ഉപഭോക്താവിന് വിൽക്കാവുന്ന, പരമാവധിവില എന്നർത്ഥമാകുന്നു:

എന്നാൽ, ഒരു രജിസ്റ്റർ ചെയ്ത വ്യാപാരി,—

(എ) ഈ ഖണ്ഡപ്രകാരം നികുതി അടയ്ക്കുവാൻ തെരഞ്ഞെടുത്ത ഒരു ഇറക്കുമതിക്കാരനിൽ നിന്നോ ഒരു ഉൽപ്പാദകനിൽ നിന്നോ ; അല്ലെങ്കിൽ

(ബി) ഒരു മുൻവിൽപ്പനയിന്മേൽ, സംസ്ഥാനത്തിനകത്ത് അങ്ങനെയുള്ള സാധനങ്ങളുടെ പരമാവധി ചില്ലറവിലയിൻമേൽ നികുതി നൽകിയ മറ്റൊരു രജിസ്റ്റർ ചെയ്ത വ്യാപാരിയിൽ നിന്നോ;

ഏതെങ്കിലും സാധനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള വ്യാപാരി, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, അങ്ങനെയുള്ള സാധനങ്ങളുടെ വിൽപ്പന സംബന്ധിച്ച് 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ്

(എ) ഖണ്ഡത്തിൻകീഴിൽ നികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതും അങ്ങനെയുള്ള സാധനങ്ങൾ വാങ്ങുന്ന സമയത്ത് അയാൾ നൽകിയിട്ടുള്ള നികുതി തുക, വാങ്ങുന്ന ആളുകളിൽ നിന്നും ഈടാക്കുന്നതിന് അയാൾക്ക് അർഹത ഉണ്ടായിരിക്കുന്നതും ഈ ഖണ്ഡത്തിൻ കീഴിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാതെയുള്ള സാധനങ്ങളെ സംബന്ധിച്ച് പ്രസ്തുത ഉപവകുപ്പിന് അനുസൃതമായി നികുതി നൽകുന്നതിന് വ്യാപാരി തെരഞ്ഞെടുക്കുന്നിടത്ത് അങ്ങനെയുള്ള സാധനങ്ങളുടെ വിറ്റുവരവ് 6-ാം വകുപ്പ് (5)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി മൊത്തം വിറ്റുവരവിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു:

എന്നുമാത്രമല്ല, ഈ ഖണ്ഡത്തിൻകീഴിൽ നികുതി നൽകുവാൻ തെരഞ്ഞെടുക്കുന്ന ഒരു വ്യാപാരി, അയാളുടെ നികുതിബാദ്ധ്യത കണക്കാക്കുന്നതിന്റെ ആവശ്യത്തിലേ ക്കായി, അയാൾ നടത്തിയ, ഈ ഖണ്ഡത്തിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങളുടെ ഏതെങ്കിലും വിൽപ്പന സംബന്ധിച്ച്, സാധനങ്ങളുടെ അളവിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ട്രേഡ് ഡിസ്കൗണ്ടോ ഇൻസെന്റീവോ അനുവദിക്കുവാൻ പാടുള്ളതല്ല.";

(3) 15-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, "അഞ്ചു ലക്ഷം രൂപയിൽ" എന്ന വാക്കുകൾക്കുപകരം "പത്തുലക്ഷം രൂപയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(4) 18എ വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"18ബി. പുതിയതായി രജിസ്റ്റർ ചെയ്യുന്നവർക്കുള്ള ഒറ്റത്തവണ ഇൻസെന്റീവിനുള്ള പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുവാൻ ബാദ്ധ്യസ്ഥരായിരുന്നവരും എന്നാൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരും ആയ വ്യാപാരികൾക്ക് 2013 ഏപ്രിൽ 1-ാം തീയതിക്കും 2013 സെപ്റ്റംബർ 30-ാം തീയതിക്കും ഇടയിൽ സ്വമേധയാ രജിസ്റ്റർ ചെയ്യാവുന്നതും, അങ്ങനെയുള്ള വ്യാപാരികൾ 2013 ഏപ്രിൽ 1-ാം തീയതിക്ക് മുൻപുള്ള ഇടപാടുകൾ സംബന്ധിച്ച് നികുതിക്കോ പിഴയ്ക്കോ ബാദ്ധ്യസ്ഥരായിരിക്കുന്നതല്ലാത്തതുമാകുന്നു:

എന്നാൽ,

(എ) ഇറക്കുമതിക്കാർ ;

(ബി) വർക്ക്സ് കോൺട്രാക്റ്റർമാർ ;

(സി) 8-ാം വകുപ്പ് (സി) ഖണ്ഡം (i)-ാം ഉപഖണ്ഡത്തിൻകീഴിൽവരുന്ന വ്യാപാരികൾ ഒഴികെയുള്ള ഉൽപ്പാദകർ ;

(ഡി) ഏത് വ്യാപാരികൾക്കെതിരെയാണോ രജിസ്റ്റർ ചെയ്യാതിരുന്നതിനും നികുതി നൽകാതിരുന്നതിനും ഈ ആക്റ്റ് പ്രകാരം, 2013 ഏപ്രിൽ 1-ാം തീയതിക്ക് മുൻപ് ശിക്ഷാനടപടികൾ ആരംഭിക്കപ്പെട്ടത്, അവർ ;

എന്നിവരുടെ ഇടപാടുകൾക്ക് ഈ വകുപ്പ് ബാധകമാകുന്നതല്ല :

എന്നുമാത്രമല്ല, 1961-ലെ ആദായനികുതി ആക്റ്റിൻ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള ഒഴിവാക്കൽ നൽകിയിട്ടുള്ള ധർമ്മസ്ഥാപനങ്ങൾ നടത്തുന്നതും 8-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം നികുതി നൽകിയതിനുശേഷം കോമ്പൗണ്ടഡ് ഡീലറിൽ നിന്നും ഔഷധങ്ങൾ വാങ്ങുന്നതുമായ ആശുപത്രികളെ, സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന, അങ്ങനെയുള്ള ലബോറട്ടറി സ്റ്റോർ ഇനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും, 2013 ഏപ്രിൽ 1-ാം തീയതിക്കു മുൻപുള്ള കാലയളവിൽ അവരുടെ രോഗികൾക്ക് നടത്തുന്ന വിൽപ്പനയിൻമേൽ, 2013 ജൂൺ 30-ാം തീയതിയിലോ അതിനുമുൻപോ ഈ ആക്ട് പ്രകാരം അവർ രജിസ്റ്റർ ചെയ്യുമെന്ന ഉപാധിക്ക് വിധേയമായി, നികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.";

(5) 24-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, നാലാം ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ഈ വകുപ്പുപ്രകാരം 2013 മാർച്ച് 31-ാം തീയതി തീർപ്പാകാതെ നിലവിലുണ്ടായിരുന്ന നികുതിനിർണ്ണയങ്ങൾ 2014 മാർച്ച് 31-ാം തീയതിയോ അതിനുമുൻപോ പൂർത്തിയാക്കേണ്ടതാണ്";

(6) 25-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, മൂന്നാം ക്ലിപ്ത നിബന്ധനയ്ക്കു പകരം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ഈ വകുപ്പുപ്രകാരം 2013 മാർച്ച് 31-ാം തീയതി തീർപ്പാകാതെ നിലവിലുണ്ടായിരുന്ന നികുതിനിർണ്ണയങ്ങൾ 2014 മാർച്ച് 31-ാം തീയതിയോ അതിനുമുൻപോ പൂർത്തിയാക്കേണ്ടതാണ്";

(7) 25എ വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"25ബി. ചില സംഗതികളിൽ നികുതിനിർണ്ണയങ്ങൾക്കുള്ള കാലഹരണ കാലാവധി ദീർഘിപ്പിക്കൽ.—24-ാം വകുപ്പിലോ 25-ാം വകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമമോ പ്രകാരം ഏതെങ്കിലും അന്വേഷണമോ അന്വേഷണവിചാരണയോ തീർപ്പാകാതെ നിലവിലിരിക്കുകയോ, പ്രസ്തുത വകുപ്പുകൾ പ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഏതെങ്കിലും നികുതിനിർണ്ണയം പൂർത്തീകരിക്കാൻ കഴിയാതിരിക്കുകയോ ചെയ്യുന്നിടത്ത്, ഡെപ്യൂട്ടി കമ്മീഷണർക്ക്, ശരിയായതും മതിയായതുമായ കാരണങ്ങളാൽ, നികുതിനിർണ്ണയം പൂർത്തിയാക്കുവാനുള്ള കാലാവധി, ആ വകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലാവധിക്കുമപ്പുറം ദീർഘിപ്പിച്ചു നൽകാവുന്നതാണ്.";

(8) പട്ടികകളിൽ—

(എ) ഒന്നാം പട്ടികയിൽ—

(i) ക്രമനമ്പർ 42-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം യഥാക്രമം, താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"42എ. പൊടിയരിയും മലരും വറുത്തരിയും അവലും ഉൾപ്പെടെയുള്ള അരി

| | |
|---|---|
| (1) നെല്ല് അല്ലാത്ത അരി | 1006 |
| (2) മലരും വറുത്തരിയും അവലും | 1904.20.00 |
| (3) പൊടിയരി | 1006.40.00"; |

(ii) ക്രമനമ്പർ 61-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം യഥാക്രമം, താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "62. | സർക്കാർ അംഗീകാരമുള്ള തീരമൈത്രി യൂണിറ്റുകൾ അവയുടെ ബ്രാന്റ് നാമത്തിൽ ഉല്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ ഉൽപ്പന്നങ്ങൾ, അവർ വിൽക്കുന്ന ഘട്ടത്തിൽ. | ****"; |

(ബി) രണ്ടാം പട്ടികയിൽ,—

(i) ക്രമനമ്പർ 1-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം യഥാക്രമം, താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "2. | ഐസ് | 2201.90.10"; |

(ii) ക്രമനമ്പർ 6-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം യഥാക്രമം, താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"6. സൗരോർജ്ജ ഉപകരണങ്ങളും സ്പെയർ പാർട്ടുകളും

| | | |
|---|---|---|
| (1) | സോളാർ സെല്ലുകൾ | 8541.40.11 |
| (2) | സോളാർ റാന്തലുകളും വിളക്കുകളും | 9405.50.40 |
| (3) | സോളാർ റാന്തലുകളുടെയും വിളക്കുകളുടെയും ഭാഗങ്ങൾ,— | |
| | (എ) ഗ്ലാസ്സിലുള്ളത് | 9405.91.00 |
| | (ബി) പ്ലാസ്റ്റിക്കിലുള്ളത് | 9405.99.00 |
| (4) | സൗരോർജ്ജ ഉപകരണം | **** |
| (5) | സോളാർ വാട്ടർ ഹീറ്ററുകളും സംവിധാനങ്ങളും | **** |
| (6) | സോളാർ ക്രോപ്പ് ഡ്രയറുകളും സംവിധാനങ്ങളും | **** |
| (7) | സോളാർ റഫ്രിജറേഷനുകളും സോളാർ കോൾഡ് സ്റ്റോറേജുകളും സോളാർ എയർ കണ്ടീഷനിംഗ് സംവിധാനങ്ങളും | **** |

| | | |
|---|---|---|
| (8) | സോളാർ സ്റ്റില്ലുകളും ഡിസലൈനേഷൻ സംവിധാനങ്ങളും | **** |
| (9) | സോളാർ തെർമലിന്റെയും സോളാർ ഫോട്ടോവോൾട്ടായിക് കൺവേർഷന്റെയും അടിസ്ഥാനത്തിലുള്ള സോളാർ പമ്പുകൾ | **** |
| (10) | സോളാർ പവർ ജനറേറ്റിംഗ് സംവിധാനം | **** |
| (11) | സോളാർ കുക്കറുകൾ | **** |
| (12) | കോൺസെൻട്രേറ്റിംഗും പൈപ്പ് ടൈപ്പുമായ സോളാർ കളക്റ്ററുകൾ | **** |
| (13) | ഫ്ളാറ്റ് പ്ലേറ്റ് സോളാർ കളക്റ്ററുകൾ | **** |
| (14) | സോളാർ ഫോട്ടോവോൾട്ടായിക് മോഡ്യൂളുകളും വാട്ടർ പമ്പുകൾക്കുള്ള പാനലുകളും മറ്റ് ആപ്ലിക്കേഷനും | **** |
| (15) | കറുപ്പ് തുടർച്ചയായി പ്ലേറ്റ് ചെയ്ത സോളാർ സെലക്റ്റീവ് കോട്ടിംഗ് ഷീറ്റുകളും ഫാനുകളും ട്യൂബുകളും | **** |
| (16) | വാകം ട്യൂബ് സോളാർ കളക്റ്ററുകൾ | **** |
| (17) | സോളാർ ഫോട്ടോ വോൾട്ടായിക് സെല്ലുകൾ, മോഡ്യൂളുകൾ, മറ്റ് സംവിധാനങ്ങൾ/ഉപകരണങ്ങൾ | ****"; |

(സി) മൂന്നാം പട്ടികയിൽ,—

(i) ക്രമനമ്പർ 62-ഉം അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ് ;

(ii) ക്രമനമ്പർ 86എ-യ്ക്കും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം യഥാക്രമം, താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"86ബി. മുനിസിപ്പൽ പ്ലാസ്റ്റിക് മാലിന്യം ****";

(iii) ക്രമനമ്പർ 87-ൽ, (2)-ാം കോളത്തിൽ, (2)-ാം ഇനത്തിനെതിരെയുള്ള ഉൾക്കുറിപ്പിൽ, "എം.ആർ.പി. 200 രൂപയിൽ കവിയാത്തതും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "എം.ആർ.പി.500 രൂപയിൽ കവിയാത്തതും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്:

(iv) ക്രമനമ്പർ 107-ൽ (3), (4), (5), (6), (7), (8), (9), (10), (11), (12), (13), (14), (15), (16), (24), (25), (31) എന്നീ ഇനങ്ങളും അവയ്ക്കെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ് ;

(v) ക്രമനമ്പർ 141-നും അതിനെതിരെ (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം യഥാക്രമം, താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"141എ. വാട്ടർബെഡ് ****";

(ഡി) ലിസ്റ്റ് എ-യിൽ—

(i) ക്രമനമ്പർ 84-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം യഥാക്രമം, താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"84എ. ലെഡ് ഓക്സൈഡ് 2824";

(ii) ക്രമനമ്പർ 135എ-യിൽ, (2)-ാം കോളത്തിലെ ഉൾക്കുറിപ്പിൽ, "കാർഷിക കയ്യുറകൾ" എന്ന വാക്കുകൾക്കുശേഷം "ഗാർഹിക കയ്യുറകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) ക്രമനമ്പർ 174-ൽ (10)-ാം ഇനത്തിലും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുംശേഷം യഥാക്രമം, താഴെ പറയുന്ന ഇനവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത് :—

"(11) ആഗ്രോ ഷേഡ് നെറ്റ് എന്ന് സാധാരണയായി
വിളിക്കപ്പെടുന്ന എച്ച് ഡി പി ഇ
നെയ്തെടുത്ത തുണികൾ ****";

11. വിവാഹാഘോഷങ്ങളിന്മേൽ സെസ്സ് ചുമത്തലും പിരിച്ചെടുക്കലും.—(1) ത്രീസ്റ്റാറോ അതിനുമുകളിലോ ഉള്ള വിഭാഗത്തിൽപ്പെട്ട ഹോട്ടലുകളിലോ, അഞ്ഞൂറിൽ കൂടുതൽ ഇരിപ്പിടശേഷിയുള്ള ആഡിറ്റോറിയങ്ങളിലോ നടത്തുന്ന ഓരോ വിവാഹ ആഘോഷത്തിന്മേലും, അതതുസംഗതിപോലെ, അങ്ങനെയുള്ള ആഘോഷത്തിന് ഉണ്ടായേക്കാവുന്ന മൊത്തം ചെലവിന്റെ മൂന്നു ശതമാനം നിരക്കിൽ, മംഗല്യ നിധി സെസ്സ് എന്ന് വിളിക്കപ്പെടേണ്ട ഒരു സെസ്സ്, ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, സർക്കാർ രൂപീകരിച്ച മംഗല്യ നിധിയുടെ ആവശ്യത്തിനായി, ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചപ്രകാരമുള്ള ഹോട്ടലുകളോ ആഡിറ്റോറിയങ്ങളോ റിസർവ് ചെയ്യാൻ ഉദ്ദേശിക്കുന്ന ഓരോ ആളും, അങ്ങനെയുള്ള വിവാഹ ആഘോഷം നടത്തുന്നതിന് പ്രതീക്ഷിക്കുന്ന ചെലവും, നൽകേണ്ട സെസ്സും പ്രസ്താവിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനം, 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റിൻ (1976-ലെ 32) കീഴിലുള്ള അസസ്സിംഗ് ആഫീസർ മുൻപാകെ നൽകേണ്ടതും അങ്ങനെയുള്ള സെസ്സ് തുക *മംഗല്യ നിധി*-യുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കേണ്ടതുമാണ്.

(3) ഒരു ഹോട്ടലിന്റെയോ ആഡിറ്റോറിയത്തിന്റെയോ യാതൊരു ഉടമയോ പ്രൊപ്രൈറ്ററോ, (2)-ാം ഉപവകുപ്പുപ്രകാരമുള്ള സെസ്സ് അടച്ചതിന്റെ രസീത് ഹാജരാക്കാതെ, അങ്ങനെയുള്ള ഏതെങ്കിലും ഹോട്ടലോ ആഡിറ്റോറിയമോ വിവാഹാഘോഷത്തിനായി റിസർവ് ചെയ്യുവാൻ ഏതെങ്കിലും ആളെ അനുവദിക്കുവാൻ പാടുള്ളതല്ല.

(4) ഈ വകുപ്പു പ്രകാരം സെസ്സ് അടച്ച രസീതില്ലാതെ ഏതെങ്കിലും ആളെ ഒരു വിവാഹ ആഘോഷം നടത്തുന്നതിന് (1)-ാം ഉപവകുപ്പിൽ പ്രസ്താവിച്ച പ്രകാര മുള്ള ഒരു ഹോട്ടലിന്റെയോ ആഡിറ്റോറിയത്തിന്റെയോ ഏതെങ്കിലും പ്രൊപ്രൈറ്റർ അനുവദിക്കുകയാണെങ്കിൽ, അങ്ങനെയുള്ള പ്രൊപ്രൈറ്റർ, വിവാഹാഘോഷം അയാൾ നടത്തിയതാണ് എന്നതുപോലെ, അങ്ങനെയുള്ള സെസ്സ് തുക നൽകുന്നതിന് ബാദ്ധ്യ സ്ഥനായിരിക്കുന്നതും, അങ്ങനെയുള്ള തുക, 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റിൻ (1976-ലെ 32) കീഴിൽ അയാളിൽനിന്നും കിട്ടാനുള്ള കുടിശ്ശികയെന്ന തുപോലെ, അയാളിൽനിന്നും ഈടാക്കേണ്ടതുമാണ്.

## 1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരമുള്ള പ്രഖ്യാപനം

1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരം ഈ ബില്ലിലെ എല്ലാ വ്യവസ്ഥകൾക്കും 2013 ഏപ്രിൽ 1-ാം തീയതിയിലും അതുമുതൽക്കും പ്രാബല്യം ഉണ്ടായിരിക്കേണ്ടത് പൊതു താല്പര്യാർത്ഥം യുക്തമാണെന്ന് ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2013-2014-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 18, 40, 45, 54, 390 മുതൽ 393 വരെയും 420, 421, 424, 425, 428 മുതൽ 432 വരെയും 434, 437 മുതൽ 440 വരെയും 442 മുതൽ 453 വരെയും 456, 459 മുതൽ 461 വരെയും 464-ഉം 465-ഉം ഖണ്ഡികകളിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം 2013-2014 സാമ്പത്തികവർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേ ശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി താഴെ പറയുന്ന ആക്റ്റുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ, അതായത്:—

1. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955-ലെ XII);
2. 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റ് (1958-ലെ 35);
3. 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17) ;
4. 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് (1960-ലെ 10) ;
5. 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് (1963-ലെ 15);
6. 1975-ലെ കേരള കെട്ടിട നികുതി ആക്റ്റ് (1975-ലെ 7) ;
7. 1976-ലെ കേരള ആഡംബരങ്ങളിൻമേലുള്ള നികുതി ആക്റ്റ് (1976-ലെ 32);
8. 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) ;
9. 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് (2004-ലെ 30) ;

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 5(2) ഖണ്ഡം പ്രകാരം കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്ന 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിന്റെ (1960-ലെ 10) 69എ വകുപ്പ്, 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ 89-ാം വകുപ്പുപ്രകാരം ആർബിട്രേഷനോ അനുരഞ്ജനമോ ലോക് അദാലത്ത് അല്ലെങ്കിൽ മീഡിയേഷൻ മുഖേനയുള്ള തീർപ്പാക്കൽ ഉൾപ്പെടെയുള്ള ജൂഡീഷ്യൽ സെറ്റിൽമെന്റിനോ, കോടതി ഒരു വ്യവഹാരം റഫർ ചെയ്യുന്ന സംഗതികളിൽ അന്യായത്തിൻമേൽ നൽകിയിട്ടുള്ള മുഴുവൻ കോർട്ട് ഫീസും ബന്ധപ്പെട്ട കക്ഷികൾക്ക് തിരികെ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചെലവ് ഉണ്ടാകുന്നതാണ്. ഇതിലേക്കായി പ്രതീക്ഷിക്കുന്ന ആവർത്തക ചെലവ് ഏകദേശം അഞ്ച് കോടി രൂപ ആയിരിക്കുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 7-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 1975-ലെ കേരള കെട്ടിട നികുതി ആക്റ്റിലെ (1975-ലെ 7) പട്ടികയിലെ കുറിപ്പ് (3) പ്രകാരം മഴവെള്ള സംഭരണവും ഉറവിടത്തിലെ മാലിന്യസംസ്കരണവും സോളാർ പാനലുകളുമായി ബന്ധപ്പെട്ട അളവുകളും പ്രത്യേകതകളും വിനിർദ്ദേശിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം പ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 1976-ലെ കേരള ആഡംബരങ്ങളിൻമേലുള്ള നികുതി ആക്റ്റിലെ (1976-ലെ 32) 4എ വകുപ്പ്, ഐക്യരാഷ്ട്ര സഭയെയോ സമാനമായ അന്താരാഷ്ട്ര നികായങ്ങളെയോ ആഡംബര നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിനായുള്ള നിബന്ധനകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 10-ാം ഖണ്ഡത്തിലെ (2) (ബി) ഉപഖണ്ഡം പ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിന്റെ (2004-ലെ 30) 8-ാം വകുപ്പ്, പ്രസ്തുത വകുപ്പുപ്രകാരം നികുതി അടയ്ക്കുന്നതിനുള്ള രീതി തെരഞ്ഞെടുക്കുന്നതിനുള്ള ഉപാധികളും പരിമിതികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 10-ാം ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡം പ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ (2004-ലെ 30) 18ബി വകുപ്പ്, പ്രസ്തുത വകുപ്പുപ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കേണ്ട ലബോറട്ടറി സ്റ്റോർ ഇനങ്ങളെയും ഉൽപ്പന്നങ്ങളെയും വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ സാധാരണമോ ഭരണപരമായ സ്വഭാവത്തോടുകൂടിയതോ നടപടിക്രമങ്ങളെ സംബന്ധിച്ച കാര്യങ്ങളോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ, അവ നിർമ്മിച്ചതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. എം. മാണി.

(ശരിത്തർജ്ജമ)

## 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1955-ലെ XII-ാം ആക്ററ്)

** ** ** **

5. രജിസ്റ്റർ ചെയ്യൽ.—അപ്രകാരമുള്ള പ്രമാണവും, സാക്ഷ്യപ്പെടുത്തിയിട്ടുള്ള പകർപ്പും ഫയൽ ചെയ്തു കഴിഞ്ഞാൽ, സംഘം ഈ ആക്റ്റിൻപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്നതായി, രജിസ്ട്രാർ തന്റെ കൈപ്പടയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. അങ്ങനെ ഓരോരിക്കൽ രജിസ്റ്റർ ചെയ്യുമ്പോഴും ഫീസായി 100 രൂപയോ ഗവൺമെന്റ് അപ്പഴപ്പോൾ നിർദ്ദേശിക്കുന്ന കുറഞ്ഞ തുകയോ രജിസ്ട്രാർക്ക് കൊടുക്കേണ്ടതും, അപ്രകാരം കൊടുക്കപ്പെടുന്ന എല്ലാ ഫീസും ഗവൺമെന്റിലേക്ക് മുതൽ കൂട്ടേണ്ടതു മാകുന്നു.

** ** ** **

6. സംഘത്തിന്റെ രജിസ്റ്റർ ചെയ്ത ആഫീസ്.—(1) സംഘത്തിന്, അത് രജിസ്റ്ററാക്കപ്പെടുന്ന ദിവസം മുതൽ ഇരുപത്തിയൊന്നു ദിവസത്തിനകം, സകല കത്തിടപാടുകളും നോട്ടീസുകളും അയയ്ക്കത്തക്കവണ്ണം രജിസ്റ്റർ ചെയ്യപ്പെട്ട ആഫീസ് ഉണ്ടായിരിക്കേണ്ടതാണ്.

** ** ** **

(4) സംഘത്തിന്റെ ഭരണസമിതി ഈ വകുപ്പിലെ ആവശ്യങ്ങൾ നിറവേറ്റാതിരുന്നാൽ, ഭരണസമിതിയിലെ ഓരോ അംഗത്തിന് എഴുതി രേഖപ്പെടുത്തേണ്ടുന്ന കാരണങ്ങളാൽ രജിസ്ട്രാർ, വിളംബത്തിനും മാപ്പ് കൊടുത്തിലെങ്കിൽ അനുസരണക്കേട് തുടർന്നുകൊണ്ടിരിക്കുന്ന ഓരോ ദിവസത്തേക്കും അഞ്ചുരൂപയിൽ കവിയാത്ത പിഴ നൽകപ്പെടുന്നതാണ്.

** ** ** **

7. പൊതുയോഗങ്ങളും, അവയിലെ നടപടികളുടെ കുറിപ്പുകളും.—(1) സംഘം രജിസ്റ്റർ ചെയ്ത തീയതിമുതൽ പതിനെട്ടുമാസത്തിനകം അതിന്റെ ആദ്യത്തേതും, ഓരോ കലണ്ടർ വർഷത്തിലും കുറഞ്ഞത് ഒരു പ്രാവശ്യം എന്ന ക്രമത്തിലും, ഒരു യോഗത്തിന് അതിനുമുമ്പ് കഴിഞ്ഞതുമായി പതിനഞ്ചു മാസത്തിലധികം അന്തരം ഉണ്ടാകാതിരിക്കത്തക്ക വിധവും, പിന്നീടുള്ളതുമായ പൊതുയോഗങ്ങൾ വിളിച്ചുകൂട്ടേണ്ടത് സംഘത്തിന്റെ ഭരണസമിതിയുടെ കടമയാണ്.

** ** ** **

(5) ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം, വാർഷികപൊതുയോഗം നടത്തുന്നതിലോ, ഭരണസമിതിയുടെ ലിസ്റ്റ് ഫയൽ ചെയ്യുന്നതിലോ, പൊതുയോഗങ്ങളിലെ നടപടിക്കുറിപ്പുകൾ രേഖപ്പെടുത്തുന്നതിലോ വീഴ്ച വരുത്തുകയാണെങ്കിൽ, സംഘവും മനഃപൂർവ്വം വീഴ്ച വരുത്തിയ അതിന്റെ ഓരോ ഭരണസമിതിയംഗവും നൂറുരൂപയിൽ കവിയാത്ത പിഴ അടയ്ക്കേണ്ടിവരുന്നതാണ്.

** ** ** **

12. സംഘം സൂക്ഷിക്കേണ്ടുന്ന അക്കൗണ്ടുബുക്കുകൾ.—(1) സംഘത്തിന്റെ ജനറൽ ബോഡി—

(എ) സംഘത്തിനും സംഘത്തിനുവേണ്ടിയുമുള്ള വരവിന്റെയും ചെലവിന്റെയും എല്ലാ തുകകളും ആ വരവുചെലവുകൾ ഏതെല്ലാം ഇനങ്ങളിൽ വന്നുകൂടുന്നുവോ ആവക കാര്യങ്ങളും,

(ബി) സംഘത്തിന്റെ ആസ്തി ബാദ്ധ്യതകളും.

സംബന്ധിച്ചുള്ള ശരിയായ കണക്കുകൾ പുസ്തകരൂപേണ സൂക്ഷിക്കുവാൻ ഏർപ്പാടുചെയ്യേണ്ടതാകുന്നു.

(2) ഈ വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുംപ്രകാരം പ്രവർത്തിക്കുവാൻ വീഴ്ച കാണിക്കുന്നപക്ഷം ഭരണസമിതിയിലെ അംഗങ്ങളിൽ, ബോധപൂർവ്വമുള്ള ആരുടെ പ്രവൃത്തിയോ ഉപേക്ഷയോ കൊണ്ടാണ് അപ്രകാരം വീഴ്ചവന്നിട്ടുള്ളത്, ആ അംഗങ്ങളിൽ ഓരോരുത്തരും നൂറുരൂപയിൽ കവിയാത്ത പിഴയ്ക്ക് വിധേയനാകുന്നതാണ്.

** ** ** **

13. വാർഷികബാക്കിപത്രം.—(1) ഓരോ സംഘത്തിന്റെയും ഭരണസമിതി, ആ സംഘം രജിസ്റ്റർ ചെയ്തതിനുശേഷം 18 മാസം കഴിഞ്ഞതിനുശേഷമല്ലാത്ത വല്ല തീയതിയിലും, കൂടാതെ അതിനെ തുടർന്ന് ഓരോ കലണ്ടർ വർഷത്തിൽ ഒരിക്കലെങ്കിലും പൊതുയോഗത്തിൽ സംഘത്തിനുമുമ്പാകെ, ആദ്യത്തെ പ്രാവശ്യമാണെങ്കിൽ സംഘം രജിസ്റ്റർ ചെയ്തകാലം മുതൽ ആരംഭിക്കുന്നതും മറ്റേതെങ്കിലും സംഗതിയിൽ അതിന് മുമ്പിലത്തേതു മുതൽ ആരംഭിക്കുന്നതും എന്നാൽ യോഗതീയതിക്ക് ആറുമാസത്തിൽ കൂടുതൽ മുമ്പല്ലാത്ത തീയതിവരെയുള്ളതുമായ കാലത്തേക്ക്, ബാക്കിപത്രവും, വരവു ചെലവു കണക്കുകളും സമർപ്പിക്കേണ്ടതാണ്.

** ** ** **

(5) ഈ വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നതിൻപ്രകാരം ചെയ്യാതിരുന്നാൽ, ആ വീഴ്ചയ്ക്ക്, അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും അധികാരപ്പെടുത്തുകയോ അനുവദിക്കുകയോ ചെയ്ത സംഘവും, അതിന്റെ ഭരണസമിതിയിലെ ഓരോ അംഗവും 100 രൂപയിൽ കവിയാത്ത പിഴയ്ക്ക് വിധേയരാകുന്നതാണ്.

** ** ** **

15. അംഗങ്ങളുടെ രജിസ്റ്റർ സംഘം സൂക്ഷിക്കണമെന്ന്.—(1) ഓരോ സംഘത്തിനും അതിലെ അംഗങ്ങളെപ്പറ്റിയുള്ള ഒരു രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും അതിൽ താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കേണ്ടതുമാകുന്നു:—

(എ) അംഗങ്ങളുടെ പേരും മേൽവിലാസവും, തൊഴിൽ വല്ലതുമുണ്ടെങ്കിൽ അതും ;

(ബി) ഓരോ ആളും അംഗമായിത്തീർന്ന തീയതി;

(സി) ഏതെങ്കിലും ആൾ അംഗമല്ലാതായിത്തീർന്ന തീയതി;

(2) ഈ വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നതിൻപ്രകാരം ചെയ്യുന്നതിന് വീഴ്ച വരുത്തുന്നപക്ഷം, അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും വീഴ്ചവരുത്തുന്നതിന് അധികാരപ്പെടുത്തുകയോ അനുവദിക്കുകയോ ചെയ്ത സംഘവും ഭരണസമിതിയിലെ ഓരോ അംഗവും, വീഴ്ച തുടരുന്ന ഓരോ ദിവസത്തേക്കും, പത്തുരൂപയിൽ കവിയാത്ത പിഴയ്ക്ക് ബാദ്ധ്യസ്ഥരാകുന്നതാണ്.

** ** ** **

22. സംഘത്തിലെ മെമ്മോറാണ്ടത്തിലോ, ചട്ടങ്ങൾ, റഗുലേഷൻ ഇവയിലോ ഉള്ള ഭേദഗതി.—(1) സംഘത്തിന്റെ മെമ്മോറാണ്ടത്തിലോ, ചട്ടങ്ങൾ, റഗുലേഷൻ എന്നിവയിലോ ഉള്ള വ്യവസ്ഥകൾക്ക് എന്തെങ്കിലും ഭേദഗതി ചെയ്യുകയാണെങ്കിൽ, ഭേദഗതി പ്രയോഗത്തിൽ വരുത്തുന്ന, നിശ്ചയത്തിന്റെ ഒരു പ്രതി ശരിപ്പകർപ്പാണെന്ന് ഭരണസമിതിയിലെ മൂന്നിൽ കുറയാതെയുള്ള അംഗങ്ങൾ സാക്ഷ്യപ്പെടുത്തി ആ നിശ്ചയം പാസ്സാക്കപ്പെട്ട പൊതുയോഗത്തിന്റെ തീയതി മുതൽ പതിനാലു ദിവസത്തിനകം രജിസ്ട്രാർക്ക് ഫയൽ ചെയ്യേണ്ടതാണ്.

(2) ഈ വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള നിശ്ചയത്തിന്റെ പകർപ്പ് അപ്രകാരം രജിസ്ട്രാർക്ക് ഫയൽ ചെയ്യുന്നതിൽ താമസം വരുത്തുകയാണെങ്കിൽ, സംഘവും അതിന്റെ ഭരണസമിതിയിലെ ഓരോ അംഗവും, വീഴ്ച തുടരുന്ന ഓരോ ദിവസത്തിനും പത്തുരൂപയിൽ കവിയാത്ത പിഴ നൽകാൻ ബാദ്ധ്യസ്ഥരാണ്.

** ** ** **

31. പ്രമാണങ്ങളുടെ പരിശോധന.—ഈ ആക്റ്റനുസരിച്ച് രജിസ്ട്രാർക്ക് ഫയൽ ചെയ്തിട്ടുള്ള എല്ലാ പ്രമാണങ്ങളും, ഓരോ പരിശോധനയ്ക്കും ഓരോ രൂപ ഫീസ് കൊടുത്ത് ഏതൊരാൾക്കും പരിശോധിക്കാവുന്നതും, ഏതെങ്കിലും പ്രമാണത്തിന്റെയോ ഏതെങ്കിലും പ്രമാണത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ പകർപ്പോ, സംഗ്രഹമോ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തികൊടുക്കാൻ, അത്തരം പകർപ്പിന്റെയോ സംഗ്രഹത്തിന്റെയോ ഓരോ നൂറ് വാക്കിനും രണ്ടണ ഒടുക്കി, ഏതൊരാൾക്കും ആവശ്യപ്പെടാവുന്നതുമാണ്.

** ** ** **

## 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1958-ലെ 35)

** ** ** **

4. ലൈസൻസുകൾ നൽകുകയും നൽകാതിരിക്കുകയും ചെയ്യൽ.—(1) ഒരു പണം കടംകൊടുപ്പുകാരന്റെ ലൈസൻസിനുള്ള അപേക്ഷ രേഖാമൂലമായിരിക്കേണ്ടതും അത് ലൈസൻസിംഗ് അധികാരസ്ഥാനത്തിന് സമർപ്പിക്കേണ്ടതും ഈ ആക്റ്റ് പ്രകാരം നിർണ്ണയിക്കപ്പെട്ട രീതിയിൽ ആയിരിക്കേണ്ടതുമാണ്.

** ** ** **

(2) ഓരോ ലൈസൻസും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറങ്ങളിൽ നൽകേണ്ടതും താഴെ പറയുന്ന ഉപാധികൾക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ഉപാധികൾക്കും വിധേയമായിരിക്കേണ്ടതുമാണ്, അതായത്:—

(i) ലൈസൻസ് ഫീസായി അയ്യായിരം രൂപ ഒടുക്കൽ;

** ** ** **

11ബി. ഇലക്ട്രോണിക് സംവിധാനത്തിലൂടെ ഫയൽ ചെയ്യലും പണം അടയ്ക്കലും.—സർക്കാരിന്, ലൈസൻസിയോട് അയാൾ ഈ ആക്റ്റിൻകീഴിൽ സമർപ്പിക്കേണ്ടതായ റിട്ടേണുകളും ഫാറങ്ങളും മറ്റു പത്രികകളും ഈ ആക്റ്റിൻകീഴിൽ അടയ്ക്കേണ്ട ഫീസും മറ്റു തുകകളും ഇലക്ട്രോണിക് സംവിധാനത്തിലൂടെ, വാണിജ്യ നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

** ** ** **

## 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ നിന്നുളള പ്രസക്തഭാഗങ്ങൾ

(1959-ലെ 17)

** ** ** **

4. വിക്രയത്തിന്റെയോ, പണയത്തിന്റെയോ, ധനനിശ്ചയത്തിന്റെയോ കാര്യത്തിലുള്ള ഒറ്റ ഇടപാടിൽ ഉപയോഗിക്കുന്ന വിവിധ കരണങ്ങൾ.—(1) വല്ല വിക്രയത്തിന്റെയോ പണയത്തിന്റെയോ, ധനനിശ്ചയത്തിന്റെയോ കാര്യത്തിൽ, ഇടപാടു പൂർത്തിയാക്കുവാൻ വിവിധ കരണങ്ങൾ ഉപയോഗിക്കുമ്പോൾ, ആ തീറാധാരത്തിനോ, പണയാധാരത്തിനോ, ധനനിശ്ചയാധാരത്തിനോ പട്ടികയിൽ നിശ്ചയിച്ചിരിക്കുന്ന മുദ്രവില മുഖ്യമായ കരണത്തിന്മേൽ മാത്രം ചുമത്തേണ്ടതും, മറ്റു കരണങ്ങൾക്ക് ആ പട്ടികയിൽ വല്ല മുദ്രവിലയും നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അതിനുപകരം അവയിൽ ഓരോന്നിനും നൂറ് രൂപ മുദ്രവില ചുമത്തേണ്ടതുമാകുന്നു.

** ** ** **

28. മുദ്രവിലയെ ബാധിക്കുന്ന സംഗതികൾ കരണത്തിൽ കാണിക്കണമെന്ന്.—വല്ല കരണത്തിനും വല്ല പ്രതിഫലവും ഉണ്ടെങ്കിൽ അതും, അതിന്റെ മുദ്രവില ചുമത്തത്തക്ക ബാദ്ധ്യതയേയോ അതിനു ചുമത്തേണ്ടുന്ന മുദ്രവിലയുടെ സംഖ്യയേയോ ബാധിക്കുന്ന മറ്റെല്ലാ സംഗതികളും അവസ്ഥകളും ആ കരണത്തിൽ പൂർണ്ണമായും നേരായും വിവരിക്കേണ്ടതാകുന്നു.

** ** ** **

29. ചില തീറാധാരങ്ങളുടെ കാര്യത്തിൽ മുദ്രവിലയെപ്പറ്റിയുള്ള നിർദ്ദേശം.—(1) വല്ല മുതലും ഒട്ടാകെ ഒരു പ്രതിഫലത്തിനായി വിൽക്കാൻ കരാർ ചെയ്തിരിക്കയും അതു വെവ്വേറെ കരണങ്ങളാൽ ഏതാനും ഏതാനുമായി ക്രേതാവിനു തീറാധാരമായി കൊടുക്കുകയും ചെയുമ്പോൾ അതതു ഭാഗത്തിന് സംബന്ധിക്കുന്ന അതതു തീറാധാരത്തിൽ അതതു ഭാഗത്തിന് പ്രത്യേകം പ്രത്യേകം ഓരോ പ്രതിഫലം എഴുതിയിരിക്കുന്നപക്ഷം കക്ഷികൾ തങ്ങൾക്ക് ശരിയായി തോന്നുന്നപോലെ പ്രതിഫലം ഭാഗിക്കേണ്ടതും അങ്ങനെയുള്ള തീറാധാരത്തിന് പ്രത്യേകമായുള്ള പ്രതിഫലത്തിന്റെ കാര്യത്തിൽ സലയുടെ അവസ്ഥപോലെയുള്ള മുദ്രവില ചുമത്തേണ്ടതും ആകുന്നു.

(2) ഒട്ടാകെ ഒരു പ്രതിഫലത്തിനായി രണ്ടോ അധികമോ ആളുകൾ കൂട്ടായിട്ടോ വല്ല ആളും തനിക്കും മറ്റു ചിലർക്കും ആയിട്ടോ, അല്ലെങ്കിൽ മുഴുവനും മറ്റു ചിലർക്കായിട്ടോ വാങ്ങുവാൻ കരാർ ചെയ്തിരിക്കുന്ന മുതലിനെ ആ മുതൽ വാങ്ങിയ ആളുകൾക്കാകട്ടെ അത് ആർക്കായി വാങ്ങിയോ അവർക്കാകട്ടെ ഏതാനും ഏതാനുമായി വെവ്വേറെ കരണങ്ങളാൽ പ്രതിഫലത്തിന്റെ വെവ്വേറെ ഭാഗങ്ങൾക്കായി തീറു കൊടുക്കുമ്പോൾ ആ ഓരോ ഭാഗത്തിനുള്ള തീറാധാരത്തിനു അതിൽ വിവരിച്ചിരിക്കുന്ന പ്രത്യേക പ്രതിഫലാംശത്തിന്റെ കാര്യത്തിൽ സലയുടെ അവസ്ഥപോലെയുള്ള മുദ്രവില ചുമത്തേണ്ടതാണ്.

(3) വല്ല മുതലും വിലയ്ക്കു വാങ്ങുവാൻ കരാർ ചെയ്തിരിക്കുകയും എന്നാൽ അതിന് ഒരു തീറാധാരം കിട്ടീട്ടില്ലാതിരിക്കുകയും ചെയ്യുന്ന ഒരാൾ ആയതു മറ്റു വല്ല ആൾക്കും വിൽക്കാൻ കരാർ ചെയ്കയും അതു നിമിത്തം മുതൽ ഉടനെ ആ രണ്ടാം

ക്രേതാവിനു തീറായിക്കൊടുക്കുകയും ചെയ്യുമ്പോൾ ആദ്യത്തെ ക്രേതാവ് രണ്ടാമത്തെ ക്രോതാവിനു ചെയ്യുന്ന വിക്രയത്തിനുള്ള പ്രതിഫലത്തിന്റെ കാര്യത്തിൽ തീറാധാരത്തിന് സലയുടെ അവസ്ഥ പോലെയുള്ള മുദ്രവില ചുമത്തേണ്ടതാണ്.

** ** ** **

31. ശരിയായ മുദ്രയെപ്പറ്റി തീർപ്പ്.—(1) കയ്യൊപ്പിട്ടുകൊടുത്തതാകട്ടെ, അല്ലാത്തതാകട്ടെ, മുമ്പേ തന്നെ മുദ്രപതിച്ചിട്ടുള്ളതാകട്ടെ അല്ലാത്തതാകട്ടെ, ആയ വല്ല കരണവും കളക്റ്ററുടെ അടുക്കൽ കൊണ്ടുവരികയും ആയതു കൊണ്ടുവരുന്ന ആൾ, അതിന്മേൽ മുദ്രവില ചുമത്തേണ്ടതാണെങ്കിൽ ആ മുദ്രവില എത്രയെന്ന് ആ ഉദ്യോഗസ്ഥന്റെ അഭിപ്രായം കിട്ടുവാൻ അപേക്ഷിക്കുകയും, കളക്റ്റർ ഓരോ സംഗതി യിലും നിർദ്ദേശിക്കുന്ന ഒരു തുക ഫീസായി അടയ്ക്കുകയും (ഈ തുക പത്ത് രൂപയിൽ കവിയാനും ഒരു രൂപയിൽ കുറയാനും പാടില്ല) ചെയ്താൽ, കളക്റ്റർ, ആ കരണത്തിന് മുദ്രവില ചുമത്തേണ്ടതാണെങ്കിൽ, തന്റെ അഭിപ്രായത്തിൽ അതിന് ഇത്ര മുദ്രവില വേണമെന്ന് നിർണ്ണയിക്കേണ്ടതാണ്.

** ** ** **

34. ശരിയായി മുദ്രപതിച്ചിട്ടില്ലാത്ത കരണങ്ങൾ തെളിവിൽ സ്വീകരിച്ചുകൂടെന്നും മറ്റും.—നിയമത്താലോ കക്ഷികളുടെ അനുമതിയാലോ തെളിവെടുക്കാൻ അധികാരമുള്ള യാതൊരാളും മുദ്രവില ചുമത്തത്തക്കതായ യാതൊരു കരണവും, ശരിയായി മുദ്ര പതിച്ചിട്ടില്ലാത്തപക്ഷം, യാതൊരു ആവശ്യത്തിനും തെളിവിൽ സ്വീകരിക്കുകയാകട്ടെ അത്തരത്തിലുള്ള ഏതെങ്കിലും ആളോ ഏതെങ്കിലും ഗവൺമെന്റുദ്യോഗസ്ഥനോ അതിന്റെ കാര്യത്തിൽ നടപടി എടുക്കുകയോ അത് രജിസ്റ്ററാക്കുകയോ കയ്യൊപ്പിട്ടു സാക്ഷ്യപ്പെടുത്തുകയോ ചെയ്കയാകട്ടെ ചെയ്യാൻ പാടില്ല:

എന്നാൽ—

(എ) ഇരുപതു പൈസയോ അതിൽ കുറഞ്ഞോ മുദ്രവില ചുമത്തത്തക്ക കരണമല്ലാത്ത അത്തരം ഏതൊരു കരണവും, അതിന് ചുമത്തേണ്ട മുദ്രവിലയും, അല്ലെങ്കിൽ മതിയായത്ര മുദ്ര പതിച്ചിട്ടില്ലാത്ത ഒരു കരണത്തിന്റെ കാര്യത്തിൽ, ആ ശരിയായ മുദ്രവില തികയ്ക്കാൻ വേണ്ടുന്ന സംഖ്യയും, അതോടൊന്നിച്ച് അഞ്ച് രൂപയോ ശരിയായ മുദ്രവിലയുടെയോ പോരാത്ത മുദ്രവിലയുടെയോ പത്തിരട്ടി അഞ്ച് രൂപയിൽ കവിയുമ്പോൾ അത്തരം മുദ്രവിലയുടെയോ ഭാഗത്തിന്റെയോ പത്തിരട്ടിക്ക് തുല്യമായ ഒരു സംഖ്യയോ, പിഴയായും അടച്ചാൽ, ന്യായമായ എല്ലാ ഒഴിവുകൾക്കും വിധേയമായി, തെളിവിൽ സ്വീകരിക്കേണ്ടതാണ്;

** ** ** **

39. ബന്തവസ്സിൽ വച്ച കരണങ്ങളിൽ മുദ്ര പതിക്കാൻ കളക്റ്റർക്കുള്ള അധികാരം.—(1) ഇരുപതുപൈസയോ അതിൽ കുറവായോ മുദ്രവില ചുമത്തത്തക്ക ഒരു കരണമല്ലാതെ, കളക്റ്റർ 33-ാം വകുപ്പുപ്രകാരം ഏതെങ്കിലും കരണം ബന്തവസ്സിൽ വച്ചിരിക്കുമ്പോഴോ 37-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും കരണം അദ്ദേഹത്തിന് അയച്ചുകിട്ടുമ്പോഴോ, അദ്ദേഹം താഴെ കാണുന്ന നടപടി സ്വീകരി ക്കേണ്ടതാണ്:—

(എ) ആ കരണം ശരിയായി മുദ്ര പതിച്ചതാണെന്നോ, മുദ്രവില ചുമത്തത്തക്ക തല്ലെന്നോ അദ്ദേഹത്തിനഭിപ്രായമുണ്ടെങ്കിൽ, അതതു സംഗതിപോലെ, അതിൽ ശരിയായി മുദ്ര പതിച്ചിരിക്കുന്നുവെന്നോ അതിന് അങ്ങനെ മുദ്രവില ചുമത്തേണ്ടതല്ലെന്നോ അദ്ദേഹം പുറത്തെഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ബി) ആ കരണം മുദ്രവില ചുമത്തത്തക്കതാണെന്നും ശരിയായി മുദ്ര പതിച്ചിട്ടില്ലെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ടെങ്കിൽ ശരിയായ മുദ്രവിലയോ ശരിയായ മുദ്രവില തികയ്ക്കാൻ വേണ്ടുന്ന സംഖ്യയോ, അഞ്ചു രൂപ പിഴയോടുകൂടിയോ അല്ലെങ്കിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നിയാൽ, ശരിയായ മുദ്രവിലയുടെയോ, പോരാത്ത മുദ്രവിലയുടെയോ സംഖ്യയുടെ പത്തിരട്ടിയിൽ കവിയാത്ത ഒരു സംഖ്യയോ (ആ സംഖ്യ അഞ്ചുരൂപയിൽ കൂടുകയോ കുറയുകയോ ചെയ്താലും വിരോധമില്ല) അടയ്ക്കാൻ അദ്ദേഹം ആവശ്യപ്പെടേണ്ടതാണ് :

**    **    **    **

പട്ടിക

| *ക്രമ നമ്പർ* | *കരണത്തിന്റെ വിവരണം* | *ശരിയായ മുദ്രവില* |
|---|---|---|
| (1) | (2) | (3) |
| 1 | തുകയിലോ, വിലയിലോ ഇരുപതു രൂപയിൽ കവിയുന്നതും (ഒരു ബാങ്കറുടെ പാസ് ബുക്കില്ലാത്ത വല്ല പുസ്തകത്തിലോ) ഒരു പ്രത്യേക കടലാസു തുണ്ടിലോ, കടത്തിന്റെ ലക്ഷ്യത്തിനായി അധമർണ്ണനോ അഥവാ അധമർണ്ണനുവേണ്ടിയോ എഴുതുകയോ, ഒപ്പിട്ടു കൊടുക്കുകയോ ചെയ്യുന്നതും ആയ കടത്തെ സംബന്ധിച്ചുള്ള സമ്മതശീട്ട്, ആ പുസ്തകമോ, കടലാസ്സോ ഉത്തമർണ്ണന്റെ കൈവശം വച്ചിരിക്കുമ്പോൾ : എന്നാൽ അങ്ങനെയുള്ള സമ്മതശീട്ടിൽ കടം വീട്ടാമെന്ന് ഏതെങ്കിലും വാഗ്ദാനമോ, അല്ലെങ്കിൽ പലിശ കൊടുക്കാമെന്നോ വല്ല സാധനങ്ങളോ മറ്റ് വസ്തുവോ നൽകാമെന്നോ ഉള്ള ഏതെങ്കിലും വ്യവസ്ഥയോ താഴെപ്പറയുന്ന സംഗതികളിൽ ഉണ്ടാകുവാൻ പാടില്ലാത്തതാകുന്നു. | |
| | തുകയോ, വിലയോ | |
| | 1000 രൂപയിൽ കവിയാത്തിടത്ത് | അഞ്ച് രൂപ |
| | 1000 രൂപയിൽ കവിയുന്നിടത്ത് | പത്ത് രൂപ |
| ** | ** | ** |
| ** | ** | ** |
| ** | ** | ** |

| (1) | (2) | (3) |
|---|---|---|
| 10 | ഒരു കമ്പനിയായി കൂടുന്നതിലേക്കുള്ള ചട്ടങ്ങൾ | ആയിരം രൂപ |
| | ** ** | ** |
| 15 | ദുർബലപ്പെടുത്തുന്ന കരണം (മുമ്പ് എഴുതിക്കൊടുത്ത വല്ല കരണവും ദുർബലപ്പെടുത്തുന്ന വല്ല കരണവും ഉൾപ്പെടെ) സാക്ഷ്യപ്പെടുത്തിയിരിക്കുകയും മറ്റു പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ | ഇരുന്നൂറ്റിയമ്പത് രൂപ |
| | ** ** | ** |
| 21 | വസ്തു കൈമാറ്റം [2(ഡി) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ളതും 22-ാം നമ്പരിൽ പറഞ്ഞിട്ടുള്ളതല്ലാത്തതും 55-ാം നമ്പർ പ്രകാരം മുദ്രവില ചുമത്തപ്പെട്ടതോ ഒഴിവാക്കപ്പെട്ടതോ അല്ലാത്തത്] | ''വസ്തുവിന്റെ ന്യായവില അല്ലെങ്കിൽ അങ്ങനെയുള്ള തീറാധാരത്തിലെ പ്രതിഫലത്തുക അഥവാ മൂല്യം ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഏഴു രൂപ.";<br><br>എന്നാൽ ഏതെങ്കിലും ഭൂമിയിലെ അവിഭക്ത ഓഹരിയോ ഏതെങ്കിലും കൈമാറ്റവുമായി ബന്ധപ്പെട്ട തീറാധാരത്തിന്റെയോ ഏതെങ്കിലും കെട്ടിടത്തിന്റെയോ കെട്ടിടത്തിന്റെ ഭാഗത്തിന്റെയോ ഫ്ളാറ്റ് അല്ലെങ്കിൽ അപ്പാർട്ടുമെന്റ് അല്ലെങ്കിൽ മുറി തുടങ്ങിയവ ഉൾപ്പെടെയുള്ളതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും കരാറിനെ പരാമർശിക്കുന്നിടത്ത് അത്തരം കെട്ടിടത്തിന്റെയോ കെട്ടിട ഭാഗത്തിന്റെയോ മൂല്യം അങ്ങനെയുള്ള പ്രതിഫലത്തിൽക്കൂടി ഉൾപ്പെടുത്തേണ്ടതും അങ്ങനെയുള്ള കരാറിനെ സംബന്ധിച്ച് മുദ്രവില നൽകിയിട്ടുണ്ടെങ്കിൽ തീറാധാരത്തിന് വേണ്ടി നൽകേണ്ടതായ മുദ്രവിലയിൽ നിന്നും അത് കുറവ് വരുത്തേണ്ടതുമാണ് |
| | ** ** | ** |

| (1) | (2) | (3) |
|---|---|---|
| 22 | 2(ഡി) വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള, 55-ാം നമ്പർ പ്രകാരം മുദ്രവില ചുമത്തിയതോ അഥവാ ഒഴിവാക്കിയതോ ആയ കൈമാറ്റം അല്ലാത്ത, തീറാധാരത്തിലെ സ്ഥാവര വസ്തു സ്ഥിതി ചെയ്യുന്നത്,— | |
| | (i) മുനിസിപ്പാലിറ്റികൾ/ടൗൺഷിപ്പുകൾ/കോർപ്പറേഷനുകൾ അല്ലാത്ത പ്രവിശ്യകൾ എന്നിവയ്ക്കുള്ളിൽ ആണെങ്കിൽ | വസ്തുവിന്റെ ന്യായവില അല്ലെങ്കിൽ അങ്ങനെയുള്ള തീറാധാരത്തിലെ പ്രതിഫലത്തുക അഥവാ മൂല്യം, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ എട്ടു രൂപ |
| | (ii) മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ളിലാണെങ്കിൽ | വസ്തുവിന്റെ ന്യായവില അല്ലെങ്കിൽ അങ്ങനെയുള്ള തീറാധാരത്തിലെ പ്രതിഫലത്തുക അഥവാ മൂല്യം ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒൻപത് രൂപ.<br><br>എന്നാൽ ഏതെങ്കിലും ഭൂമിയിലെ അവിഭക്ത ഓഹരിയോ ഏതെങ്കിലും കൈമാറ്റവുമായി ബന്ധപ്പെട്ട തീറാധാരത്തിന്റെയോ ഏതെങ്കിലും കെട്ടിടത്തിന്റെയോ കെട്ടിട ഭാഗത്തിന്റെയോ ഫ്ളാറ്റ് അല്ലെങ്കിൽ അപ്പാർട്ട്മെന്റ് അല്ലെങ്കിൽ മുറി തുടങ്ങിയവ ഉൾപ്പെടെയുള്ളതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും കരാറിനെ പരാമർശിക്കുന്നിടത്ത് അത്തരം കെട്ടിടത്തിന്റെയോ കെട്ടിട ഭാഗത്തിന്റെയോ മൂല്യം അങ്ങനെയുള്ള പ്രതിഫലത്തിൽക്കൂടി ഉൾപ്പെടുത്തേണ്ടതും |

| (1) | (2) | (3) |
|---|---|---|
| | | അങ്ങനെയുള്ള ഉടമ്പടിയെ സംബന്ധിച്ച് ഏതെങ്കിലും മുദ്രവില നൽകിയിട്ടുണ്ടെങ്കിൽ തീറാധാരത്തിന് വേണ്ടി നൽകേണ്ടതായ മുദ്രവിലയിൽ നിന്നും അത് കുറവ് വരുത്തേണ്ടതു മാണ്. |
| ** | ** | ** ** |
| 23 | പകർപ്പോ സംക്ഷേപമോ, ഒരു സർക്കാർ ഉദ്യോഗസ്ഥനാലോ, ആ ഉദ്യോഗസ്ഥന്റെ ഉത്തരവു പ്രകാരമോ നേർ പകർപ്പായിട്ടോ, സംക്ഷേപമായിട്ടോ സാക്ഷ്യപ്പെടു ത്തപ്പെട്ടതും, അതതുകാലത്തെ കോർട്ടുഫീസ് സംബന്ധിച്ച നിയമ പ്രകാരം മുദ്രവില ചുമത്തത്തക്ക തല്ലാത്തതുമായിരിക്കുമ്പോൾ.— | |
| | (i) അസ്സൽ, മുദ്രവില ചുമത്തത്തക്ക തല്ലാതായിരിക്കുകയോ അതിന് ചുമത്തേണ്ടുന്ന മുദ്രവില ഒരു രൂപയിൽ കവിയാതിരിക്കുകയോ, ചെയ്താൽ : | പത്ത് രൂപ |
| | (ii) മറ്റുവല്ല സംഗതിയിലും: | ഇരുപത് രൂപ |
| ** | ** | ** ** |
| 40 | ഒരു മുതലാളിയുടെ ദല്ലാലിയോ അല്ലെങ്കിൽ ഏജന്റോ അത്തരത്തി ലുള്ള മുതലാളിയുടെ പേരിലുള്ള വാങ്ങലോ വിൽപ്പനയോ അറിയിച്ചു | |

| (1) | (2) | (3) |
|---|---|---|
| | കൊണ്ട് ഇലക്ട്രോണിക്കലായോ അല്ലാതെയോ അയയ്ക്കുന്ന കുറിപ്പോ മെമ്മോറാണ്ടമോ— | |
| | (എ) സർക്കാർ സെക്യൂരിറ്റികൾ വിൽക്കുന്നതോ വിലയ്ക്കു വാങ്ങുന്നതോ സംബന്ധിച്ചാണെങ്കിൽ | 500 രൂപ എന്ന പരമാവധിക്ക് വിധേയമായി സെക്യൂരിറ്റിയുടെ വിലയിൽ ഓരോ കോടി രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 50 രൂപ വീതം |
| | (ബി) മേൽ പ്രസ്താവിച്ച (എ) ഇനത്തിൻകീഴിൽ വരുന്നവ ഒഴികെയുള്ള ചരക്കുകളോ സ്റ്റോക്കോ സെക്യൂരിറ്റികളോ വിലയ്ക്കു വാങ്ങലോ വിൽക്കലോ സംബന്ധിച്ചാണെങ്കിൽ,— | |
| | (i) കൈമാറ്റം ചെയ്യുന്ന സംഗതിയിൽ | 250 രൂപ എന്ന പരമാവധിക്ക് വിധേയമായി ഓരോ 10,000 രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും ഒരു രൂപ വീതം. |
| | (ii) കൈമാറ്റം ചെയ്യപ്പെടാത്ത സംഗതിയിൽ | 250 രൂപ എന്ന പരമാവധിക്ക് വിധേയമായി ഓരോ 50,000 രൂപയ്ക്കും അതിന്റെ ഭാഗത്തിനും ഒരു രൂപ വീതം. |
| | (സി) ഫ്യൂച്ചേഴ്സും ഓപ്ഷൻസും വ്യാപാരം സംബന്ധിച്ചാണെങ്കിൽ | 250 രൂപ എന്ന പരമാവധിക്ക് വിധേയമായി ഓരോ 50,000 രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും ഒരു രൂപ വീതം. |
| | (ഡി) ചരക്കുകളുടെ ഫോർവേഡ് കരാറുകൾ സംബന്ധിച്ചാണെങ്കിൽ | 250 രൂപ എന്ന പരമാവധിക്ക് വിധേയമായി ഓരോ 1,00,000 രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും ഒരു രൂപ വീതം. |

** ** ** **

| (1) | (2) | (3) |
|---|---|---|
| 43 കൂട്ടുകച്ചവടം ; | | |
| (എ) കൂട്ടുകച്ചവടാധാരം | | ആയിരം രൂപ |
| (ബി) കൂട്ടുകച്ചവട പിരിവാധാരം | | ഇരുന്നൂറ്റി അമ്പത് രൂപ |
| ** | ** | ** |
| 51 ധനനിശ്ചയാധാരം,— | | |
| (എ) കരണം | | |
| (ഡവർ സംബന്ധിച്ച ആധാരം ഉൾപ്പെടെ), | | |
| (i) ധനനിശ്ചയാധാരം ഒരാളുടെ അച്ഛനോ അമ്മയ്ക്കോ ഭർത്താവിനോ ഭാര്യയ്ക്കോ മകനോ മകൾക്കോ സഹോദരനോ സഹോദരിക്കോ ആയിരിക്കുന്നിടത്ത് | | വസ്തുവിന്റെ ന്യായവില അഥവാ, അങ്ങനെയുള്ള കരണത്തിൽ കാണിച്ചിട്ടുള്ള മൂല്യം, ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ. |
| ** | ** | ** |
| (ബി) ധനനിശ്ചയാധാരത്തെ റദ്ദാക്കുന്ന ആധാരം | | റദ്ദാക്കൽ ആധാരത്തിൽ വിവരിക്കുന്ന പ്രകാരം ബന്ധപ്പെട്ട വസ്തുവിന്റെ തുകയ്ക്കോ മൂല്യത്തിനോ തുല്യമായ ഒരു സംഖ്യക്കുള്ള കപ്പൽ പണയാധാരത്തിനുവേണ്ടുന്ന (14-ാം നമ്പർ) മുദ്രവില തന്നെ, എന്നാൽ അത് നൂറ് രൂപയിൽ കവിയരുത്. |
| ** | ** | ** |
| 54 പാട്ടം ഒഴിമുറി കൊടുക്കൽ— | | |
| (എ) പാട്ടച്ചാർത്തിന് ചുമത്തേണ്ട മുദ്രവില 100 രൂപയിൽ കവിയാത്തപ്പോൾ | | ആ പാട്ടച്ചാർത്തിന് ചുമത്തേണ്ട മുദ്രവില |
| (ബി) മറ്റേതൊരു സംഗതിയിലും | | നൂറ് രൂപ |
| ** | ** | ** |

## 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1960-ലെ 10)

"52എ. ആദായനികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ വെൽത്ത് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ ഉത്തരവിനെതിരായ അപ്പീൽ മെമ്മോറാണ്ടത്തിന്മേലുള്ള ഫീസ്.—52-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആദായ നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ വെൽത്ത് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ ഉത്തരവിനെതിരെ, അതതു സംഗതിപോലെ, 1961-ലെ ആദായ നികുതി ആക്റ്റ് (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ 1957-ലെ വെൽത്ത് ടാക്സ് ആക്റ്റ് (1957-ലെ 27-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന അപ്പീൽ മെമ്മോറാണ്ടത്തിൻമേൽ കൊടുക്കേണ്ടതായ ഫീസ് II-ാം പട്ടികയിൽ 3-ാം അനുച്ഛേദത്തിൽ (iii)-ാം ഇനത്തിന്റെ (6)-ാം ഉപ ഇനത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിലായിരിക്കുന്നതാണ്.

** ** **

69. രാജിയാകുമ്പോഴോ അല്ലെങ്കിൽ കക്ഷിയുടെ സമ്മതത്തിന്മേലോ വ്യവഹാരം തീർപ്പാക്കുമ്പോൾ ഉള്ള റീഫണ്ട്.—ഒരു വ്യവഹാരമോ അപ്പീലോ രാജിയാകുമ്പോഴോ അല്ലെങ്കിൽ യാതൊരു അന്വേഷണവും കൂടാതെ കക്ഷികളുടെ സമ്മതത്തിന്മേൽ മാത്രം വ്യവഹാരം തീർപ്പാക്കുമ്പോഴോ അന്യായത്തിന്മേലോ അപ്പീൽ മെമ്മോറാണ്ടത്തിന്മേലോ നൽകിയ കോടതി ഫീസിന്റെ പകുതി ഏതു കക്ഷികളാലാണോ അവ നൽകപ്പെട്ടത് ആ കക്ഷികൾക്ക് യഥാക്രമം തിരിച്ചുനൽകുവാൻ കോടതി ഉത്തരവാകേണ്ടതാണ് :

എന്നാൽ, 4എ വകുപ്പ് അനുശാസിക്കുന്ന പ്രകാരം അന്യായത്തിന്മേലുള്ള ഫീസിന്റെ തുകയുടെ പത്തിൽ ഒന്ന് അല്ലെങ്കിൽ 52-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം അപ്പീൽ മെമ്മോറാണ്ടത്തിന്മേലുള്ള ഫീസിന്റെ തുകയുടെ മൂന്നിൽ ഒന്നുമാത്രം നൽകിയിട്ടുള്ളിടത്ത് യാതൊരു റീഫണ്ടും ഉത്തരവാകാൻ പാടുള്ളതല്ല.

** ** **

76. ലീഗൽ ബെനഫിറ്റ് ഫണ്ട്.—(1) ഈ ആക്റ്റിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സിവിൽ കോടതിയും ക്രിമിനൽ കോടതിയും അല്ലാത്ത ട്രിബ്യൂണലുകൾക്കോ അപ്പീൽ അധികാരസ്ഥാനങ്ങൾക്കോ ഉള്ള അപ്പീലുകളോ റിവിഷനുകളോ സംബന്ധിച്ച് സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി, സല കണക്കാക്കാവുന്ന തർക്കങ്ങളുടെ സംഗതിയിൽ തർക്കത്തിൽ ഉൾപ്പെട്ട തുകയുടെ ഒരു ശതമാനത്തിൽ അധികരിക്കാത്ത നിരക്കിലും മറ്റു സംഗതികളിൽ ഓരോ അപ്പീലിലും റിവിഷനിലും നൂറ് രൂപയിൽ അധികരിക്കാത്ത നിരക്കിലും അധിക കോർട്ട് ഫീസ് ചുമത്തുന്നതിന്

സർക്കാരിന് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

** ** **

പട്ടിക II

1. ** ** **]

2. ** ** **]

3. 1908-ലെ സിവിൽ നടപടി നിയമസംഹിത യുടെ 47-ാം വകുപ്പോ 144-ാം വകുപ്പോ പ്രകാരമുള്ള ഏതെങ്കിലും പ്രശ്നം തീരുമാനിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ഉൾക്കൊള്ളുന്ന ഒരു ഉത്തരവിൽ നിന്നു ള്ളതും മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമായ അപ്പീൽ മെമ്മോറാണ്ടം—

(i) ഹൈക്കോടതി അല്ലാതെയുള്ള ഏതെങ്കിലും കോടതിയിലോ അഥവാ റവന്യൂ ബോർഡിനോ ചീഫ് എക്സിക്യൂട്ടീവ് അതോറി റ്റിക്കോ ഏതെങ്കിലും എക്സി ക്യൂട്ടീവ് ആഫീസർക്കോ സമർപ്പി ക്കുമ്പോൾ

(ii) ** ** **]

(iii) ഹൈക്കോടതിക്ക് സമർപ്പിക്കുമ്പോൾ—

(എ) 1958-ലെ കേരള കർഷക ഋണാശ്വാസ ആക്റ്റ് പ്രകാര മുള്ള ഒരു ഉത്തരവല്ലാത്ത ഒരു ഉത്തരവിൽ നിന്നും :

** ** **

(സി) 1961-ലെ ആദായ നികുതി ആക്റ്റ് പ്രകാരം അല്ലെങ്കിൽ 1957-ലെ വെൽത്ത് ടാക്സ് ആക്റ്റ് പ്രകാരം ഉള്ള അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഒരു ഉത്തരവിൽ നിന്നും,—

(എ) അപ്പീലുമായി ബന്ധ പ്പെട്ട കേസ്സിൽ, അസ സ്സിംഗ് ഉദ്യോഗസ്ഥൻ തിട്ടപ്പെടുത്തിയ അസ സ്സിയുടെ മൊത്ത വരുമാനം ഒരു ലക്ഷം രൂപയോ അതിൽ കുറവോ ആകുന്നി ടത്ത് — അഞ്ഞൂറ് രൂപ

| | | |
|---|---|---|
| | (ബി) അപ്രകാരമുള്ള വരുമാനം ഒരു ലക്ഷം രൂപയിൽ കവിയുകയും എന്നാൽ രണ്ട് ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ചെയ്യുന്നിടത്ത് | ആയിരത്തി അഞ്ഞൂറ് രൂപ |
| | (സി) അപ്രകാരമുള്ള വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയുന്നിടത്ത് | പരമാവധി പതിനായിരം രൂപയ്ക്ക് വിധേയമായി, അസസ്സ് ചെയ്ത വരുമാനത്തിന്റെ ഒരു ശതമാനം |
| | (ഡി) അപ്പീലിന്റെ വിഷയം മുകളിൽ (എ) മുതൽ (സി) വരെയുള്ള ഉപഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചതല്ലാതെയുള്ള ഏതെങ്കിലും കാര്യവുമായി ബന്ധപ്പെട്ടിരിക്കുന്നിടത്ത് | അഞ്ഞൂറ് രൂപ |
| ** | ** | ** |

4. 1940-ലെ ആർബിട്രേഷൻ ആക്റ്റിലെ 39-ാം വകുപ്പ് പ്രകാരമുള്ള അപ്പീൽ മെമ്മോറാണ്ടം—

| | | |
|---|---|---|
| ** | ** | ** |
| 10(എ) | സർക്കാരുമായി നേരിട്ടുള്ള ഏർപ്പാട് പ്രകാരം താൽക്കാലികമായി തീർപ്പാക്കിയ ഭൂമി കൈവശം വയ്ക്കുന്ന ഏതെങ്കിലും ആൾ ഏതെങ്കിലും ഭൂനികുതി ഉദ്യോഗസ്ഥന് അപേക്ഷയോ ഹർജിയോ സമർപ്പിക്കുകയും അപേക്ഷയുടെ അല്ലെങ്കിൽ ഹർജിയുടെ വിഷയം അങ്ങനെയുള്ള ഏർപ്പാടുമായി മാത്രം ബന്ധപ്പെട്ടിട്ടുള്ളതും ആയിരിക്കുകയാണെങ്കിൽ | രണ്ട് രൂപ |
| ** | ** | ** |
| (ജി) | ഭാരതത്തിനുപുറത്ത് ഉപയോഗിക്കുവാനുദ്ദേശിക്കുന്ന സ്വകാര്യ പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അപേക്ഷ | പത്ത് രൂപ |
| ** | ** | ** |

# 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1963-ലെ 15)

** ** **

17. നികുതി ചുമത്തുന്ന അധികാരസ്ഥൻ പാലിക്കേണ്ട നടപടിക്രമങ്ങൾ.—(1) ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്ത എല്ലാ വ്യാപാരികളും രജിസ്റ്റർ ചെയ്യാൻ ബാദ്ധ്യസ്ഥരായ എല്ലാ വ്യാപാരികളും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിലും അങ്ങനെയുള്ള രീതിയിലും അയാളുടെ വിറ്റുവരവിനെ സംബന്ധിച്ച അങ്ങനെയുള്ള റിട്ടേണോ, റിട്ടേണുകളോ സമർപ്പിക്കേണ്ടതാണ്.

** ** **

(6) ഈ വകുപ്പിൻകീഴിലുള്ള ഏതുനികുതി നിർണ്ണയവും, നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട വർഷം അവസാനിച്ചതിനുശേഷം നാലുവർഷത്തിനകം പൂർത്തിയാക്കേണ്ടതാണ് :

എന്നാൽ, ഈ ആക്റ്റിലും അതിൻപ്രകാരമുണ്ടാക്കിയ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സ്വയം രജിസ്റ്റർ ചെയ്യാൻ ബാദ്ധ്യസ്ഥരും എന്നാൽ അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതുമായ വ്യാപാരികളുടെയും, ബിനാമിമാർ ആയിട്ടോ ബിനാമിയിൽ കൂടിയോ വ്യാപാരം നടത്തിയവരുടെയും സംഗതിയിൽ ഈ സമയപരിധി ബാധകമല്ലാത്തതാണ് :

എന്നുമാത്രമല്ല 1994-95 വർഷത്തെ സംബന്ധിച്ച നികുതി നിർണ്ണയം 2000 മാർച്ച് 31-നോ അതിനു മുൻപോ പൂർത്തിയാക്കേണ്ടതാണ് :

എന്നുമാത്രമല്ല, (4)-ാം ഉപവകുപ്പിലോ (4എ) ഉപവകുപ്പിലോപെടാത്ത ഏതു നികുതി നിർണ്ണയവും, ആ വർഷത്തെ നികുതി നിർണ്ണയിക്കേണ്ട ആവശ്യത്തിലേക്കായി കണക്ക് ബുക്കുകൾ പരിശോധിച്ചതിന്റെ അവസാന തീയതിക്കുശേഷം നാലുമാസത്തിനകമോ, അല്ലെങ്കിൽ അടുത്ത ഉന്നത അധികാരസ്ഥന്റെ അനുവാദത്തോടുകൂടി അങ്ങനെയുള്ള തീയതിയിൽ നിന്ന് ആറു മാസത്തിനകമോ പൂർത്തിയാക്കേണ്ടതാണ് :

എന്നിരുന്നാലും, 2011 മാർച്ച് 31-നു തീർപ്പാകാതെ നിലവിലുണ്ടായിരുന്ന 2005-06 വർഷം ഉൾപ്പെടെയും അതുവരെയുള്ളതുമായ വർഷങ്ങളിലെ നികുതി നിർണ്ണയം 2013 മാർച്ച് 31-നോ അതിനുമുൻപോ പൂർത്തിയാക്കേണ്ടതാണ് :

** ** **

(8) അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അധികാരസ്ഥന്റെ ഉത്തരവിന് അനുസൃതമായി നടത്തിയ ഏതെങ്കിലും നികുതി നിർണ്ണയമോ പുനർനികുതി നിർണ്ണയമോ ഉത്തരവ് കിട്ടിയ വർഷം അവസാനിച്ച് നാല് വർഷക്കാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ് :

എന്നാൽ, 2011 മാർച്ച് 31-ന് തീർപ്പാകാതെ നിലവിലുണ്ടായിരുന്ന അങ്ങനെയുള്ള എല്ലാ നികുതി നിർണ്ണയങ്ങളും അല്ലെങ്കിൽ പുനർനികുതി നിർണ്ണയങ്ങളും 2013 മാർച്ച് 31-നോ അതിനുമുൻപോ പൂർത്തിയാക്കേണ്ടതാണ് :

എന്നുമാത്രമല്ല, അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അധികാരസ്ഥന്റെ ഉത്തരവിനനുസൃതമായി പരിഷ്ക്കരിച്ച നികുതി നിർണ്ണയമോ അല്ലെങ്കിൽ പരിഷ്ക്കരിച്ച പുനർനികുതി നിർണ്ണയമോ ഉത്തരവ് ലഭിച്ച വർഷം അവസാനിച്ചതിനുശേഷം ഒരു വർഷത്തിനകം പൂർത്തീകരിക്കേണ്ടതാണ് :

എന്നിരുന്നാലും, 2011 മാർച്ച് 31-ന് തീർപ്പാകാതെ നിലവിലുണ്ടായിരുന്ന അങ്ങനെയുള്ള എല്ലാ പരിഷ്ക്കരിച്ച നികുതി നിർണ്ണയങ്ങളും അല്ലെങ്കിൽ പരിഷ്ക്കരിച്ച പുനർനികുതി നിർണ്ണയങ്ങളും അല്ലെങ്കിൽ മടക്കി അയച്ച നികുതി നിർണ്ണയങ്ങളും 2013 മാർച്ച് 31-നോ അതിനുമുൻപോ പൂർത്തിയാക്കേണ്ടതാണ് :

** ** **

23ബി. <u>ചില സംഗതികളിൽ കുടിശ്ശിക കുറവ് ചെയ്യൽ</u>.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2005 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റോ 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റോ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നികുതിയോ മറ്റേതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന് താഴെപ്പറയുന്ന നിരക്കുകളിലുള്ള കുറവ് ചെയ്യൽ പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി ഇച്ഛാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്.

(എ) 1991 മാർച്ച് 31-ാം തീയതി ഉൾപ്പെടെ, അതുവരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയ്ക്ക് ഇരുപത്തിയഞ്ച് ശതമാനം കുറവ് ചെയ്യലും, നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴത്തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും മുഴുവൻ കുറവുചെയ്യലും ;

(ബി) 1991 ഏപ്രിൽ 1-ാം തീയതി മുതൽ 1996 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ, നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴത്തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും മുഴുവൻ കുറവുചെയ്യലും ;

(സി) 1996 ഏപ്രിൽ 1-ാം തീയതി മുതൽ 2000 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴത്തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും തൊണ്ണൂറ്റി അഞ്ച് ശതമാനം കുറവുചെയ്യലും ;

** ** **

(ഡി) 2000 ഏപ്രിൽ 1-ാം തീയതി മുതൽ 2005 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട ഡിമാന്റുകളുടെ സംഗതിയിൽ നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴത്തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും തൊണ്ണൂറ് ശതമാനം കുറവുചെയ്യലും; കൂടാതെ

(ഇ) ആക്റ്റിന്റെ 55സി വകുപ്പ് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് മുതൽ തുക അടച്ചുകഴിഞ്ഞ സംഗതികളിൽ പലിശത്തുകയുടെ തൊണ്ണൂറ് ശതമാനം കുറവുചെയ്യലും.

** ** **

(3) (1)-ാം ഉപവകുപ്പുപ്രകാരം കുടിശ്ശിക അടയ്ക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യാപാരി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ 2011 സെപ്റ്റംബർ 30-ാം തീയതിക്ക് മുൻപ് നികുതി നിർണ്ണയ അധികാരിക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ, നികുതിനിർണ്ണയ അധികാരി ആയത് പരിശോധിക്കേണ്ടതും കിട്ടാനുള്ള തുക നികുതിദായകനെ അറിയിക്കേണ്ടതും, നികുതിദായകൻ 2011 സെപ്റ്റംബർ 30-ാം തീയതിയോ അതിനുമുൻപോ ആ തുക മൊത്തമായോ മൂന്ന് തുല്യ ഗഡുക്കളായോ അടയ്ക്കേണ്ടതുമാണ് :

എന്നാൽ, ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,

(എ) ഓപ്ഷൻ ഫയൽ ചെയ്യാനുള്ള അവസാന തീയതിക്കുശേഷം (3)-ാം ഉപവകുപ്പുപ്രകാരം വീണ്ടും ഒരു തീയതി സർക്കാർ വിജ്ഞാപനം ചെയ്യുകയും ;

(ബി) ഒരു അപേക്ഷകൻ അയാളുടെ ഓപ്ഷൻ നേരത്തെ ഫയൽ ചെയ്യുകയും ഒരു ഗഡുവെങ്കിലും അടയ്ക്കുകയും കിട്ടാനുള്ള ബാക്കി തുക അടയ്ക്കാൻ വീഴ്ച വരുത്തുകയും അയാളുടെ മുൻപത്തെ ഓപ്ഷൻ നികുതിനിർണ്ണയ അധികാരി റദ്ദാക്കുകയും ചെയ്തിട്ടുള്ളിടത്ത് ;

ഒരു പുതിയ ഓപ്ഷൻ നൽകുമ്പോൾ മുൻപത്തെ ഓപ്ഷൻ പ്രകാരം അടച്ച തുക പിന്നീടുള്ള ഓപ്ഷൻ പ്രകാരം അടച്ച തുകയായി കണക്കാക്കേണ്ടതാണ്.

** ** **

(7) ഈ വ്യവസ്ഥ പ്രകാരം തീർപ്പാക്കിയ തുക അപ്പീലിലെയോ റിവിഷനിലെയോ വിഷയമായിരുന്നെങ്കിൽ അങ്ങനെയുള്ള അപ്പീലും റിവിഷനും തുടരാവുന്നതും അങ്ങനെയുള്ള അപ്പീലിന്റെയോ റിവിഷനിലെയോ അന്തിമ ഉത്തരവ്, ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ നികുതിയിൽ കുറവ് വരുത്തുന്നതാണെങ്കിൽ അപ്രകാരം കുറവുചെയ്ത തുക തിരികെ നൽകേണ്ടതാണ്. എന്നാൽ, അങ്ങനെയുള്ള അപ്പീലിന്റെയോ റിവിഷന്റെയോ ഫലമായി, ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ നികുതി വർദ്ധിപ്പിക്കപ്പെടുകയാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി അപ്രകാരം വർദ്ധിപ്പിച്ച തുകയും അതിന്മേലുള്ള പലിശയും വ്യാപാരി നൽകേണ്ടതാണ്.

** ** **

47. കുറ്റങ്ങൾ രാജിയാക്കൽ.—(1) നികുതി നിർണ്ണയ അധികാരിക്കോ മറ്റ് ഉദ്യോഗസ്ഥനോ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ അധികാര സ്ഥാനത്തിനോ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കെതിരായി ഒരു കുറ്റം ചെയ്തിരിക്കുകയോ, കുറ്റം ചെയ്തിട്ടുള്ളതായി ന്യായമായി സംശയിക്കപ്പെടുകയോ ചെയ്യുന്ന ഏതൊരാളുടെ പക്കൽനിന്നും അങ്ങനെയുള്ള കുറ്റം രാജിയാക്കുന്നതിനായി,—

(എ) ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ ഏതെങ്കിലും നികുതി കൊടുക്കാതെയുള്ള ഒഴിഞ്ഞുമാറൽ അടങ്ങുന്ന കുറ്റമായിരിക്കുന്നിടത്ത്, അപ്രകാരം നൽകേണ്ടതായ നികുതിക്ക് പുറമേ, അപ്രകാരം നൽകേണ്ടതായ നികുതിയുടെ തുകയ്ക്ക് തുല്യമായ ഒരു തുകയും, ഏറ്റവും കുറഞ്ഞത് നൂറ് രൂപയ്ക്കും പരമാവധി രണ്ട് ലക്ഷം രൂപയ്ക്കും വിധേയമായും ;

(ബി) മറ്റ് സംഗതികളിൽ, പതിനായിരം രൂപയിൽ കവിയാത്ത ഒരു തുകയും, സ്വീകരിക്കാവുന്നതാണ്.

** ** **

പട്ടിക

[5(1)-ാം വകുപ്പ്]

5-ാം വകുപ്പുപ്രകാരം നികുതി ചുമത്താവുന്ന സാധനങ്ങൾ

| *ക്രമ നമ്പർ* | *ഉപ ഉൾക്കുറിപ്പ്* | *സാധനങ്ങളുടെ വിവരണം* | *നികുതിയുടെ നിരക്ക് (ശതമാനം)* |
|---|---|---|---|
| 1 | പെട്രോളിയം ഉൽപ്പന്നങ്ങൾ: | | |
| | (i) | ഏവിയേഷൻ റ്റർബൈൻ ഫ്യൂവൽ | 34 |
| | (ii) | ഹൈസ്പീഡ് ഡീസൽ ഓയിൽ | 40 |
| | (iii) | മോട്ടോർ സ്പിരിറ്റ് (ലൈറ്റ് ഡീസൽ ഓയിൽ ഉൾപ്പെടെയും എന്നാൽ നാഫ്തയും പെട്രോളും, ഏവിയേഷൻ ടർബൈൻ ഫ്യൂവലും ഹൈസ്പീഡ് ഡീസൽ ഓയിലും ഒഴികെ) | 50 |
| | (iv) | നാഫ്ത ഒഴികെയുള്ള പെട്രോൾ | 44 |
| 2 | വിദേശമദ്യം: | | |
| | (i) | ബിയറും വൈനും | 50 |
| | (ii) | ബിയറും വൈനും ഒഴികെ | 100 |

** ** **

# 1975-ലെ കേരള കെട്ടിട നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1975-ലെ 7)

** ** ** **

## പട്ടിക

(5-ാം വകുപ്പ് കാണുക)

## കെട്ടിട നികുതി നിരക്ക്

| *തറവിസ്തീർണ്ണം* | *സ്പെഷ്യൽ ഗ്രേഡ് ഗ്രാമ പഞ്ചായത്ത് ഒഴികെയുള്ള ഗ്രാമപഞ്ചായത്ത് (രൂപ)* | *സ്പെഷ്യൽ ഗ്രേഡ് ഗ്രാമ പഞ്ചായത്ത്/ ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ (രൂപ)* | *മുനിസിപ്പൽ കോർപ്പറേഷൻ (രൂപ)* |
|---|---|---|---|
| (1) | (2) | (3) | (4) |
| വാസഗൃഹങ്ങൾ : | | | |
| 100 ച. മീറ്ററിൽ കവിയാത്തത് | ഇല്ല | ഇല്ല | ഇല്ല |
| ** | ** | | ** |
| മറ്റു കെട്ടിടങ്ങൾ : | | | |
| 50 ച. മീറ്ററിൽ കവിയാത്തത് | ഇല്ല | ഇല്ല | ഇല്ല |
| 50 ച. മീറ്ററിൽ കൂടുതൽ എന്നാൽ 75 ച. മീറ്ററിൽ കവിയാത്തത് | 750 | 1,500 | 3,000 |
| ** | ** | | ** |

| (1) | (2) | (3) | (4) |
|---|---|---|---|
| 250 ച. മീറ്ററിൽ കവിയുന്നത് | 9,000 രൂപ യും അധിക മായി വരുന്ന ഓരോ 10 ച. മീറ്ററിനും 900 രൂപ യും കൂടി | 18,000 രൂപ യും അധിക മായി വരുന്ന ഓരോ 10 ച. മീറ്ററിനും 1,800 രൂപ യും കൂടി | 27,000 രൂപ യും അധിക മായി വരുന്ന ഓരോ 10 ച. മീറ്ററിനും 2,250 രൂപ യും കൂടി |

കുറിപ്പ്:—(1) 2-ാം വകുപ്പ് (സി) ഖണ്ഡത്തിലുള്ള 2-ാം വിശദീകരണത്തിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ കെട്ടിട നികുതി നിരക്ക് 15 ശതമാനം കണ്ട് വർദ്ധിപ്പിക്കേണ്ടതാണ്.

(2) ചെലവ് കുറഞ്ഞ വാസഗൃഹമാണെന്ന്. ഈ ആവശ്യത്തിലേക്ക് സർക്കാർ നിർദ്ദേശിക്കുന്ന നിർമ്മിതികേന്ദ്രങ്ങളും അതുപോലെയുള്ള ഒരു കോമ്പിറ്റന്റ് അതോറിറ്റിയോ സാക്ഷ്യപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ കെട്ടിട നികുതി നിരക്ക് 12 ശതമാനം കണ്ട് കുറയ്ക്കേണ്ടതാണ്.

**  **  **  **

# 1976-ലെ കേരള ആഡംബരങ്ങളിൻമേലുള്ള നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
(1976-ലെ 32)

** ** **

4. ആഡംബര നികുതി ചുമത്തുകയും പിരിക്കുകയും ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും ആഡംബരം,—

(i) ഒരു ഹോട്ടലിലോ, ഹൗസ് ബോട്ടിലോ, ഹാളിലോ, ആഡിറ്റോറിയത്തിലോ, കല്യാണമണ്ഡപത്തിലോ അല്ലെങ്കിൽ ഹോട്ടലുകളും, ക്ലബ്ബുകളും, കല്യാണ മണ്ഡപവും അതുപോലെയുള്ള സ്ഥലങ്ങളോട് ചേർന്നുള്ളതുൾപ്പെടെ താമസ സൗകര്യത്തിനായി വാടകയ്ക്ക് കൊടുത്തിട്ടുള്ളതോ പൊതു/സ്വകാര്യ എക്സിബിഷൻ മുതലായ ചടങ്ങുകൾ നടത്തുന്നതിന് ഉപയോഗിക്കുന്നതോ ;

(ii) കേബിൾ ഓപ്പറേറ്റർമാരാലും ;

(iii) ഒരു ഹോസ്പിറ്റലിലും ; കൂടാതെ

(iv) ഒരു ഹോം സ്റ്റേയിലും,

നൽകുന്നപക്ഷം ഇതിനുശേഷം ആഡംബര നികുതി എന്ന് വിളിക്കപ്പെടുന്ന ഒരു നികുതി ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമാണ്:

** ** ** **

4എ. വിട്ടുകളഞ്ഞു.

4 ബി. ഹോട്ടലുകൾ മുതലായവയുടെ രജിസ്ട്രേഷൻ.—(1) അഞ്ച് മുറികളിൽ കുറയാതെയുള്ള, താമസത്തിനുവേണ്ടിയോ, മറ്റുവിധത്തിലോ വാടകയ്ക്ക് നൽകുന്ന ഓരോ ഹോട്ടലുടമയും, ഹൗസ് ബോട്ട്, ഹാൾ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപം, അതുപോലുള്ള സ്ഥലം എന്നിവയുടെ ഉടമയും, ഈ ആക്റ്റ് പ്രകാരം തങ്ങളുടെ ഹോട്ടൽ, ഹൗസ് ബോട്ട്, ഹാൾ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപം അതുപോലെയുള്ള സ്ഥലങ്ങൾ എന്നിവ രജിസ്റ്റർ ചെയ്യേണ്ടതും, വർഷാവർഷം രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.

** ** ** **

"5 ബി. ഇലക്ട്രോണിക് സംവിധാനത്തിലൂടെ ഫയൽ ചെയ്യലും പണം അടയ്ക്കലും.—സർക്കാരിന്, അസസ്സിയോട് അയാൾ ഈ ആക്റ്റിൻകീഴിൽ സമർപ്പിക്കേണ്ടതായ റിട്ടേണുകളും, ഫാറങ്ങളും, മറ്റു പത്രികകളും ഈ ആക്റ്റിൻകീഴിൽ അടയ്ക്കേണ്ട നികുതിയും ഫീസും മറ്റു തുകകളും ഇലക്ട്രോണിക് സംവിധാനത്തിലൂടെ, വാണിജ്യ നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്.";

6. നികുതിയുടെ തിട്ടപ്പെടുത്തലും വസൂലാക്കലും.—(1) 5-ാം വകുപ്പുപ്രകാരമുള്ള റിട്ടേൺ ലഭിക്കുന്നതിന്മേൽ റിട്ടേൺ ശരിയും പൂർണ്ണവുമാണെന്ന് അസസ്സിംഗ് അതോറിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥനുള്ള നികുതി തിട്ടപ്പെടുത്തേണ്ടതാണ്.

** ** ** **

(4) ഈ വകുപ്പിൻകീഴിലുള്ള ഏതൊരു അന്തിമ തിട്ടപ്പെടുത്തലും, തിട്ടപ്പെടുത്തലുമായി ബന്ധപ്പെട്ട വർഷം അവസാനിക്കുന്നതുമുതൽ നാല് വർഷത്തെ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്:

എന്നാൽ 2011 മാർച്ച് 31-ാം തീയതിയിൽ തീർപ്പാകാതെ നിലവിലുണ്ടായിരുന്ന 2006-07 വരെയുള്ളത് ഉൾപ്പെടെയുള്ള വർഷങ്ങളെ സംബന്ധിച്ച എല്ലാ നികുതി നിർണ്ണയങ്ങളും 2012 മാർച്ച് 31-ാം തീയതിയോ അതിനുമുൻപോ പൂർത്തിയാക്കേണ്ടതാണ്.

** ** ** **

17 ബി. കുറ്റങ്ങൾ രാജിയാക്കൽ.—(1) നികുതി നിർണ്ണയ അധികാരിക്കോ മറ്റ് ഉദ്യോഗസ്ഥനോ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ അധികാരസ്ഥാനത്തിനോ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കെതിരായി ഒരു കുറ്റം ചെയ്തിരിക്കുകയോ, കുറ്റം ചെയ്തിട്ടുള്ളതായി ന്യായമായി സംശയിക്കപ്പെടുകയോ ചെയ്യുന്ന ഏതൊരാളുടെയോ പ്രൊപ്രൈറ്ററുടെയോ പക്കൽനിന്നും അങ്ങനെയുള്ള കുറ്റം രാജിയാക്കുന്നതിനായി,—

(എ) ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ ഏതെങ്കിലും നികുതി കൊടുക്കാതെയുള്ള ഒഴിഞ്ഞുമാറൽ അടങ്ങുന്ന കുറ്റമായിരിക്കുന്നിടത്ത്, അപ്രകാരം നൽകേണ്ടതായ നികുതിക്ക് പുറമേ, അപ്രകാരം നൽകേണ്ടതായ നികുതിയുടെ തുകയ്ക്ക് തുല്യമായ ഒരു തുകയും, ഏറ്റവും കുറഞ്ഞത് അഞ്ഞൂറു രൂപയ്ക്കും പരമാവധി നാലു ലക്ഷം രൂപയ്ക്കും വിധേയമായും ;

(ബി) മറ്റ് സംഗതികളിൽ, പതിനായിരം രൂപയിൽ കവിയാത്ത ഒരു തുകയും, സ്വീകരിക്കാവുന്നതാണ്.

** ** ** **

# 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1991-ലെ 15)

** ** ** **

3. കാർഷികാദായ നികുതി ചുമത്തൽ.—(1) ഈ ആക്റ്റിന്റെ പട്ടികയിൽ പരാമർശിച്ചിട്ടുള്ള നിരക്കിലോ നിരക്കുകളിലോ ഉള്ള നികുതി ഓരോ അസസ്സ്മെന്റ് വർഷത്തിലേക്കും, ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചും അവയ്ക്കു വിധേയമായും ഓരോ ആളിന്റെയും മുൻവർഷത്തെ മൊത്തം കാർഷികാദായത്തിന്മേൽ ചുമത്തേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം കാർഷികാദായ നികുതി ചുമത്തലിന് വിധേയമാകാവുന്നതായി അഞ്ചു ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂസ്വത്തുക്കൾ കൈവശമുള്ള ഒരു കമ്പനിയോ ഫേമോ അല്ലാത്ത ഏതെങ്കിലും ആൾ നികുതി നൽകേണ്ടതില്ല.

** ** ** **

# 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (2004-ലെ 30)

**　　　　**　　　　**　　　　**

## നികുതി ബാദ്ധ്യതയും ചുമത്തലും

6. ചരക്കുകൾ വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതിന് നികുതി ചുമത്തൽ.—(1) ഒരു വർഷത്തെ മൊത്തം വിറ്റുവരവ് പത്ത് ലക്ഷം രൂപയിൽ കുറയാത്ത ഓരോ വ്യാപാരിയോ ഓരോ ഇറക്കുമതിക്കാരനോ വല്ലപ്പോഴും കച്ചവടം ചെയ്യുന്ന ആളോ നിവാസേതര വ്യാപാരിയുടെ ഏജന്റോ, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം വിഭാഗത്തിൽപ്പെട്ട ലോഹങ്ങളിലുള്ള ആഭരണങ്ങളുടെ അഥവാ വെള്ളിയിലുള്ള സാധനങ്ങളുടെ വ്യാപാരിയോ കരാറുകാരനോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്ര ഭരണ പ്രദേശത്തെ സർക്കാരോ അതിന്റെ ഏതെങ്കിലും വകുപ്പോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനമോ ഏതെങ്കിലും സ്വയംഭരണ നികായമോ ആ വർഷത്തെ അയാളുടെ മൊത്തം വിറ്റുവരവ് എത്രയായിരുന്നാലും അയാൾ, ചരക്കുകളുടെ വിൽപ്പനകളിന്മേലോ വാങ്ങലുകളിന്മേലോ ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം നികുതി കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. നികുതി കൊടുക്കുന്നതിനുള്ള ബാദ്ധ്യത നികുതിയടയ്ക്കേണ്ട വിറ്റുവരവിന്മേലായിരിക്കുന്നതാണ്,—

(എ) രണ്ടും മൂന്നും പട്ടികകളിൽ വിനിർദ്ദേശിച്ചിട്ടുള്ള ചരക്കുകളുടെ സംഗതിയിൽ, അങ്ങനെയുള്ള ചരക്കുകളുടെ സംസ്ഥാനത്തിനകത്തുനടത്തുന്ന വില്പനയുടെ എല്ലാ ഘട്ടങ്ങളിലും, അവയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിലും, താഴെ വിനിർദ്ദേശിച്ചിരിക്കുന്ന ചരക്കുകളുടെ സംഗതിയിൽ, സംസ്ഥാനത്തിനകത്ത് അങ്ങനെയുള്ള ചരക്കുകളുടെ വില്പനയുടെ എല്ലാ ഘട്ടത്തിലും, (4)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന നിരക്കിലും, അതായത്:—

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്.എസ്.എൻ. കോഡ്* | *നികുതി നിരക്കുകൾ ശതമാനത്തിൽ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പുകയിലയുടെയോ പുകയിലയ്ക്ക് പകരമുള്ളതിന്റെയോ സിഗാർസ്, ചെറൂട്ട്സ്, സിഗറില്ലോസ്, സിഗററ്റ്സ് | 2402 | 15 |
| 2 | സോഡ ഒഴികെയുള്ള ഏയ്റേറ്റഡ് ബ്രാൻഡഡ് ലഘുപാനീയങ്ങൾ | *** | 20 |
| 3 | പൊതുവെ വെസ്റ്റ് ടൈപ്പ് ബാഗുകൾ എന്നറിയപ്പെടുന്ന അല്ലെങ്കിൽ “D” രീതിയിൽ പഞ്ചുചെയ്ത ബാഗുകൾ ഒഴികെയുള്ള സാധനങ്ങൾ വഹിക്കുന്നതിന് മറ്റെന്തെങ്കിലും പ്രകൃതത്തോടുകൂടിയ, അതിൽത്തന്നെ സാധനങ്ങൾ വഹിക്കാവുന്ന പ്രകൃതത്തോടുകൂടിയ പ്ലാസ്റ്റിക് നിർമ്മിത ക്യാരി ബാഗുകൾ | *** | 20 |
| 4 | പാൻ മസാല | 2106.90.20 | 22.5 |
| ** | ** | ** | ** |

(ഡി) (എ) അല്ലെങ്കിൽ (സി) ഖണ്ഡങ്ങളിൽ ഉൾപ്പെടാത്ത ചരക്കുകളുടെ സംഗതിയിൽ, അങ്ങനെയുള്ള ചരക്കുകളുടെ സംസ്ഥാനത്തിനകത്തുള്ള വില്പനയുടെ എല്ലാ ഘട്ടത്തിലും 13.5% എന്ന നിരക്കിൽ നികുതി ചുമത്താവുന്നതും 13.5% എന്ന നിരക്കിൽ നികുതി ചുമത്താവുന്ന ചരക്കുകളുടെ ഒരു ലിസ്റ്റ് സർക്കാരിന് വിജ്ഞാപനം ചെയ്യാവുന്നതുമാണ്.

** ** ** **

(എഫ്) കരാർ ജോലി നടത്തുന്നതിനായുള്ള ചരക്കുകളുടെ കൈമാറ്റത്തിന്റെ കാര്യത്തിൽ, കൈമാറ്റം ചരക്കുകളുടെ രൂപത്തിലല്ല എന്നാൽ, മറ്റെന്തെങ്കിലും രൂപത്തിലാണെങ്കിൽ 13.5% നിരക്കിലും കൈമാറ്റം ചരക്കുകളുടെ രൂപത്തിലായിരിക്കുമ്പോൾ അനുബന്ധപ്പെട്ട പട്ടികകൾക്കുകീഴിൽ നിർണ്ണയിച്ചിരിക്കുന്ന നിരക്കിലും:

എന്നാൽ, കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെ അഡ്മിനിസ്ട്രേറ്റർക്കോ കോഴിക്കോട് ലക്ഷദ്വീപ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷന്റെയോ ലക്ഷദ്വീപ് ഹാർബർ വർക്സിന്റെയോ കേന്ദ്ര ഭരണപ്രദേശമായ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ സാക്ഷ്യപത്രം നൽകിയ രജിസ്റ്റർ ചെയ്ത വ്യാപാരിക്കും വിൽപ്പന നടത്തുന്നതിന് (ഡി) ഖണ്ഡപ്രകാരം നൽകേണ്ടതായ നികുതി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്കു വിധേയമായി, അഞ്ചു ശതമാനം നിരക്കിലായിരിക്കുന്നതാണ്:

എന്നുമാത്രമല്ല 8-ാം വകുപ്പ് (സി) ഖണ്ഡത്തിന്റെ വിശദീകരണത്തിൻകീഴിൽ നിർവ്വചിച്ചിട്ടുള്ള ഒരു ബാർ അറ്റാച്ച്ഡ് ഹോട്ടൽ അല്ലെങ്കിൽ പെട്രോളിയം ഉല്പന്നങ്ങളുടെ ഒരു വ്യാപാരി ഈ ആക്ടിൻകീഴിലുള്ള അതിന്റെ മൊത്തം വിറ്റുവരവും, 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്ടിൽ (1963-ലെ 15) കീഴിലുള്ള മൊത്ത വിറ്റുവരവും ചേർന്ന് ഈ ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പരിധിയിൽ കുറവല്ലാ എങ്കിൽ ഈ ഉപവകുപ്പുപ്രകാരം നികുതി നൽകുന്നതിന് ബാദ്ധ്യസ്ഥന്മാരായിരിക്കുന്നതാണ്:

എന്നുതന്നെയുമല്ല ഇറക്കുമതി ചെയ്യുന്ന ഒരാൾ, വല്ലപ്പോഴും കച്ചവടം ചെയ്യുന്ന ആൾ, നിവാസേതര വ്യാപാരിയുടെ ഏജന്റ്, സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ഗ്രൂപ്പ് ലോഹങ്ങളുടെയും വെള്ളി സാധനങ്ങളുടെയും വ്യാപാരി, കരാറുകാരൻ, എന്നിവരല്ലാതെയുള്ള ഒരു വ്യാപാരിയുടെ മൊത്തം വിറ്റുവരവ്, ഒരു വർഷത്തിൽ ആദ്യമായി 10 ലക്ഷം രൂപയിൽ കവിയുകയാണെങ്കിൽ 10 ലക്ഷം രൂപയിൽ അധികമുള്ള, വിറ്റുവരവിന് മാത്രം ഈ ഉപവകുപ്പ് പ്രകാരം നികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനാകുന്നതും, എന്നാൽ തുടർന്നുള്ള ഏതെങ്കിലും വർഷത്തിൽ, മൊത്തം വിറ്റുവരവ് എത്ര ആയിരുന്നാലും അയാൾ നികുതി നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നുതന്നെയുമല്ല, കരാർജോലികളെ സംബന്ധിച്ച്,—

(i) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജനയുടെയോ പാർലമെന്റ് അംഗ/ നിയമസഭാ സാമാജിക ഫണ്ടോ, പ്രകൃതിദുരിതാശ്വാസ ഫണ്ടോ, സർവ്വശിക്ഷാ അഭിയാൻ ഫണ്ടോ അല്ലെങ്കിൽ തദ്ദേശ അധികാരസ്ഥാപനങ്ങളുടെ ഫണ്ടോ കമാന്റ് ഏരിയാ

വികസന അതോറിറ്റിയുടെയോ ഫണ്ടോ ഉപയോഗിച്ചുകൊണ്ടുള്ള ഗുണഭോക്തൃ സമിതികൾക്ക് കീഴിലും കർഷക ഗുണഭോക്തൃ അസ്സോസിയേഷനുകളോ കർഷക സമിതിയോ മുഖേനയുള്ള ഒ.എഫ്.ഡി. ജോലികൾക്കും ഉള്ള ഓരോ കരാറിനെ സംബന്ധിച്ചും ആകെ തുക പത്ത് ലക്ഷം രൂപയിൽ കവിയാത്തിടത്ത്, മേൽപ്പറഞ്ഞ (എഫ്) ഖണ്ഡത്തിൻകീഴിൽ നൽകേണ്ട നികുതി അഞ്ച് ശതമാനമായിരിക്കേണ്ടതാണ്;

(ii) ജലനിധി പദ്ധതിയുടെ (കെ.ആർ.ഡബ്ല്യു.എസ്.എ.) കീഴിലുള്ള ഓരോ കരാറിനെ സംബന്ധിച്ചും ആകെ തുക എത്രതന്നെ ആയിരുന്നാലും, മേൽപ്പറഞ്ഞ (എഫ്) ഖണ്ഡത്തിൻകീഴിൽ നൽകേണ്ട നികുതി നാല് ശതമാനമായിരിക്കേണ്ടതാണ്; കൂടാതെ, ആക്റ്റിൻകീഴിൽ രജിസ്ട്രേഷൻ പോലുമെടുക്കാതെ, ഗുണഭോക്തൃ സമിതികൾക്ക് പണം സ്വീകരിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

എന്നതുതന്നെയുമല്ല,

(എ) വിൽപ്പന, കരസേനയ്ക്കോ, നാവികസേനയ്ക്കോ, വായുസേനയ്ക്കോ അല്ലെങ്കിൽ നാഷണൽ കേഡറ്റ് കോർപ്സ് ക്യാന്റീനുകൾക്കോ, ഇന്ത്യൻ നേവൽ ക്യാന്റീൻ സർവ്വീസിനോ, “സെൻട്രൽ പോലീസ് ക്യാന്റീനിനോ”.

ക്യാന്റീൻ സ്റ്റോഴ്സ് വകുപ്പിനോ അവരാലോ ആയിരിക്കുകയും,

(ബി) മോട്ടോർ വാഹനങ്ങളുടെ സംഗതിയിൽ, വിൽപ്പന,

അതതുസംഗതിപോലെ, ക്യാന്റീൻ സ്റ്റോഴ്സ് വകുപ്പിലെയോ ഇന്ത്യൻ നേവൽ ക്യാന്റീൻ സ്റ്റോഴ്സിലെയോ എയർഫോഴ്സ് ക്യാന്റീനിലെയോ”

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രമപ്രകാരം നൽകിയ അധികാരപത്രം ഹാജരാക്കുന്നതിന്മേൽ പ്രതിരോധസേനാംഗങ്ങൾക്കോ അല്ലെങ്കിൽ വിമുക്തഭടന്മാർക്കോ ആയിരിക്കുകയും ചെയ്യുന്നിടത്ത്,

മുകളിൽ പറഞ്ഞ (എ)-യോ (ഡി)-യോ ഖണ്ഡങ്ങളിൻകീഴിൽ നൽകേണ്ടതായ നികുതി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, അത്തരം സാധനങ്ങൾക്ക് ബാധകമായിരിക്കുന്ന നിരക്കിന്റെ പകുതിയായിരിക്കുന്നതാണ്:

എന്നുമാത്രവുമല്ല, മത്സ്യബന്ധനയാനങ്ങൾ ഒഴികെയുള്ള വിദേശത്തേക്ക് പോകുന്നതായ യാനങ്ങൾക്ക് വിൽക്കുന്ന ഇന്ധനവും ലൂബ്രിക്കേറ്റിനെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞ ഖണ്ഡം (എ)-യോ (ഡി)-യോ പ്രകാരം നൽകേണ്ടതായ നികുതി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അരശതമാനമായിരിക്കേണ്ടതാണ്:

എന്നിരുന്നാലും പെട്രോളിയം ഉൽപ്പന്നങ്ങൾ അല്ലാത്ത മറ്റു ചരക്കുകൾ സംസ്ഥാനത്തിനകത്ത് ഉത്പ്പാദിപ്പിച്ച് റെയിൽവേയ്ക്കോ കേരള സംസ്ഥാന വിദ്യുച്ഛക്തി

ബോർഡിനോ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനോ അല്ലെങ്കിൽ കേരള വാട്ടർ അതോറിറ്റിക്കോ വിൽക്കുന്നിടത്ത്, മുകളിൽ പറഞ്ഞ (ഡി) ഖണ്ഡപ്രകാരം നൽകേണ്ടതായ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി നാലുശതമാനം നിരക്കിലും:

എന്നുമാത്രമല്ല ദേശീയ നേതാക്കളുടെയും, സാമൂഹ്യപരിഷ്ക്കർത്താക്കളുടെയും കൊത്തുപണി ചെയ്ത പ്രതിമകൾ 6-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഇ)-യും (എഫ്)-ഉം ഖണ്ഡങ്ങൾ പ്രകാരം നൽകേണ്ടതായ നികുതിയിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, പ്രഖ്യാപിത ചരക്കുകൾ, ചരക്കുകളുടെ രൂപത്തിലല്ലാതെ എന്നാൽ മറ്റു ചില രൂപത്തിൽ കൈമാറ്റം ചെയ്യപ്പെടുമ്പോൾ (എഫ്) ഖണ്ഡപ്രകാരം നൽകേണ്ടതായ നികുതി യഥാക്രമമുള്ള പട്ടികകളിൻകീഴിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിരക്കുകളിൽ ആയിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഉപയോഗിച്ച മോട്ടോർ വാഹനങ്ങളുടെ വിൽപ്പനയിൽ, നികുതി നിരക്ക് 0.5 ശതമാനം ആയിരിക്കേണ്ടതും (2)-ാം ഉപവകുപ്പിൻകീഴിൽ നികുതി നൽകേണ്ടതല്ലാത്തതാകുന്നു:

എന്നുമാത്രമല്ല സിനിമാറ്റോഗ്രാഫിക് ഫിലിമുകളുടെ സംഗതിയിൽ (എ) ഖണ്ഡ പ്രകാരമുള്ള “പകർപ്പവകാശ”ത്തിന്റെ വില്പന സംബന്ധിച്ച വിറ്റുവരവും, (സി) ഖണ്ഡ പ്രകാരം ഉപയോഗിക്കാനുള്ള അവകാശത്തിന്റെ കൈമാറ്റവും 2005 ഏപ്രിൽ 1-ാം തീയതി മുതൽ ഒഴിവാക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റ് (1976-ലെ 32)-ൻ കീഴിൽ കോമ്പൗണ്ടഡ് നികുതി അടയ്ക്കുന്ന ഒരു ഹൗസ് ബോട്ടിൽ നൽകുന്ന പാകം ചെയ്ത ആഹാരങ്ങളെയും പാനീയങ്ങളെയും നികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്:

എന്നുമാത്രമല്ല, 1940-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റ് (1940-ലെ 23-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഡ്രഗ് ലൈസൻസിൻകീഴിൽ സബ്സിഡിയറി തെറാപ്യൂട്ടിക് അല്ലെങ്കിൽ പ്രോഫിലാക്റ്റിക് ഉപയോഗമുള്ള വർദ്ധിത ലേപനൗഷധങ്ങൾ അടങ്ങിയിട്ടുള്ളതും 6-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലെ (ഡി) ഖണ്ഡത്തിൻകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ ആയുർവേദ സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങൾക്ക് നൽകേണ്ടുന്ന നികുതി 2005 ഏപ്രിൽ 1-ാം തീയതി മുതൽ 2009 നവംബർ 12-ാം തീയതിവരെയുള്ള കാലയളവിൽ നാല് ശതമാനം ആയിരിക്കുന്നതാണ്;

** ** ** **

8. കോമ്പൗണ്ട് ചെയ്ത നിരക്കിൽ നികുതികൊടുക്കൽ.—6-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും,—

(എ) (i) 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റിലെ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു വ്യാപാരി അല്ലാത്ത ഏതെങ്കിലും കരാർ ജോലിക്കാരനും ഇറക്കുമതിക്കാരൻ അല്ലാത്ത ഒരു ആളും, അയാളുടെ ഇച്ഛാനുസരണം പ്രസ്തുത വകുപ്പിന്റെ വ്യവസ്ഥകൾക്കനുസൃതമായി നികുതി നൽകുന്നതിനുപകരം, മൊത്തം കരാർ തുകയുടെ മൂന്നു ശതമാനം നികുതി നൽകേണ്ടതാണ്.

** ** ** **

(ജി) സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവന്ന് കോഴിയോ, കോഴി ഇറച്ചിയോ വ്യാപാരം നടത്തുന്ന ഏതെങ്കിലും വ്യാപാരിക്ക്, പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് നികുതി അടയ്ക്കുന്നതിനുപകരം, അയാളുടെ ഇഷ്ടാനുസരണം, കമ്മീഷണർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫ്ളോർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ ചരക്കുകൾ സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന സമയത്ത് 13.5% നിരക്കിൽ നികുതി അടയ്ക്കാവുന്നതാണ്.

** ** ** **

15. വ്യാപാരികളുടെ രജിസ്ട്രേഷൻ.—(1) ഏതെങ്കിലും വർഷത്തെ ആകെ വിറ്റുവരവ് അഞ്ച് ലക്ഷം രൂപയിൽ കുറയാതെയുള്ള ഏതൊരു വ്യാപാരിയും ഈ ആക്റ്റിൻകീഴിൽ സ്വയം രജിസ്റ്റർ ചെയ്യേണ്ടതും മറ്റേതൊരു വ്യാപാരിക്കും അങ്ങനെ സ്വയം രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

** ** ** **

"18 എ. മരണപ്പെട്ട വ്യാപാരിയുടെ നിയമാനുസൃത അവകാശിയായി രജിസ്റ്റർ ചെയ്യുന്നതിനും വ്യാപാരം തുടരുന്നതിനും ഉള്ള പ്രത്യേക വ്യവസ്ഥ.—(1) 11-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്ത ഏതെങ്കിലും ഒരു സോൾ പ്രൊപ്രൈറ്റർ ആയ വ്യാപാരി മരണപ്പെടുകയും അയാളുടെ നിയമാനുസൃത അവകാശി വ്യാപാരം തുടരുകയും ചെയ്യുന്ന സംഗതിയിൽ, അങ്ങനെയുള്ള നിയമാനുസൃത അവകാശി ഒരു രജിസ്ട്രേഡ് വ്യാപാരി അല്ലായെങ്കിൽ അയാൾ, ആ വ്യാപാരി മരണപ്പെട്ട തീയതി മുതൽ നാലുമാസത്തിനകം ഈ ആക്റ്റിൻകീഴിൽ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്.

(2) വ്യാപാരം തുടരുന്ന നിയമാനുസൃത അവകാശി, മറ്റ് നിയമാനുസൃത അവകാശികൾ ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ സമ്മതത്തോടെ, റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനും നിക്ഷേപ വിഭവ ഇളവിനും പ്രത്യേക

കിഴിവിനും 8-ാം വകുപ്പിനുകീഴിൽ നികുതി അടയ്ക്കുന്നതിനും ഈ ആക്റ്റിൻ കീഴിലുള്ള രജിസ്ട്രേഷൻ നമ്പർ തുടരുന്നതിനും വ്യാപാരം തുടരുന്നത് അംഗീകരിച്ചു കിട്ടുന്നതിനുംവേണ്ടി നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനത്തിന് അപേക്ഷ നൽകേണ്ടതാണ്.

(3) നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം, (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഒരു അപേക്ഷയിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയശേഷം അത്തരം അപേക്ഷ ലഭിച്ച് പതിനാല് ദിവസത്തിനകം അതിന്മേൽ ഉത്തരവുകൾ പാസ്സാക്കേണ്ടതാണ്.

വിശദീകരണം:— ഈ വകുപ്പിൽ ഉപയോഗിച്ചിരിക്കുന്ന "വ്യാപാരം തുടരുന്ന നിയമാനുസൃത അവകാശി" എന്ന പദപ്രയോഗത്തിൽ മരണപ്പെട്ട വ്യാപാരിയുടെ നിയമാനുസൃത അവകാശികൾ മാത്രം പങ്കാളികളായി രൂപീകരിച്ച ഒരു പങ്കാളിത്ത സ്ഥാപനവുംകൂടി ഉൾപ്പെടുന്നതാണ്.

** ** ** **

24. കണക്ക് പരിശോധിച്ചുള്ള തിട്ടപ്പെടുത്തൽ.—(1) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും വ്യാപാരി,—

(എ) അയാളുടെ കണക്ക് പുസ്തകങ്ങളോ മറ്റ് രേഖകളോ ഓഡിറ്റ് ചെയ്യുമ്പോൾ, മറ്റുവിധത്തിലോ ഏതെങ്കിലും റിട്ടേൺ കാലാവധിക്ക് ശരിയല്ലാത്തതോ പൂർണ്ണമല്ലാത്തതോ ആയ റിട്ടേൺ സമർപ്പിച്ചതായി കാണുകയോ; അഥവാ

** ** ** **

(സി) നിക്ഷേപ വിഭവ നികുതി ഇളവിനുള്ള അവകാശവാദമോ അവകാശമുന്നയിച്ച മടക്കി നൽകലോ തെളിയിക്കുന്നതിൽ പരാജയപ്പെടുന്നെങ്കിൽ ഓഡിറ്റ് ഓഫീസർക്ക്, റിട്ടേണുമായി ബന്ധപ്പെട്ട വർഷത്തിന്റെ അവസാനത്തെ തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ ഏതു സമയത്തും അദ്ദേഹത്തിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയശേഷം, അങ്ങനെയുള്ള റിട്ടേൺ കാലയളവിലേക്കുള്ള റിട്ടേണുകൾ തള്ളിക്കളയാവുന്നതും ഏറ്റവും യുക്തിസഹമായ രീതിയിൽ നികുതി തിട്ടപ്പെടുത്തലുകൾ പൂർത്തീകരിക്കാവുന്നതുമാണ്:

എന്നാൽ, ഈ വകുപ്പുപ്രകാരം വ്യാപാരിയെ കേൾക്കാൻ ഒരവസരം നൽകാതെ നികുതി തിട്ടപ്പെടുത്തൽ പൂർത്തീകരിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, തെറ്റായ നികുതി നിരക്ക് ഉപയോഗിച്ചതോ, നിക്ഷേപ വിഭവ നികുതി ഇളവ്, പ്രത്യേക കിഴിവ് അല്ലെങ്കിൽ റീഫണ്ട് എന്നിവ ഉന്നയിച്ചതിലെ പിശകോ കൊണ്ടുമാത്രം റിട്ടേണിൽ അപാകത ആകുന്നിടത്ത് വ്യാപാരി അയാളുടെ ഇച്ഛാനുസരണം പുതുക്കിയ റിട്ടേൺ സമർപ്പിക്കുകയും, 31-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻകീഴിലുള്ള പലിശയും പലിശയുടെ മൂന്നിരട്ടി സെറ്റിൽമെന്റ് ഫീസും സഹിതം ബാക്കി നികുതി നൽകുകയാണെങ്കിൽ ഈ ഉപവകുപ്പുപ്രകാരം യാതൊരു തിട്ടപ്പെടുത്തലും നടത്താൻ പാടുള്ളതല്ല:

എന്നുതന്നെയുമല്ല നിക്ഷേപവിഭവ നികുതി ഇളവ്, പ്രത്യേക കിഴിവ് അല്ലെങ്കിൽ റീഫണ്ട് എന്നീ അവകാശങ്ങൾ ഏതെങ്കിലും കൃത്രിമമോ, വ്യാജമോ ആയ രേഖകളുടെ അടിസ്ഥാനത്തിൽ ആകുന്നിടത്തോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ കപടമായ അവകാശം ഉന്നയിക്കുകയോ ചെയ്യുന്ന ഒരു വ്യാപാരിക്ക് ഈ ഉപവകുപ്പിൽ പരാമർശിച്ച സമയപരിധിയും മുൻപറഞ്ഞ ക്ലിപ്ത നിബന്ധനയും ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല, ഈ വകുപ്പുപ്രകാരം, 2007-08 വരെയുള്ള വർഷങ്ങളിലേക്കുള്ള നികുതിനിർണ്ണയം പൂർത്തിയാക്കുവാനുള്ള സമയപരിധി 2013 മാർച്ച് 31 വരെ ദീർഘിപ്പിക്കേണ്ടതാണ്.

** ** **

25. വിട്ടുപോയിട്ടുള്ള വിറ്റുവരവിന് നികുതി തിട്ടപ്പെടുത്തൽ.—(1) ഏതെങ്കിലും കാരണവശാൽ വ്യാപാരിയുടെ വ്യാപാരത്തിന്റെ വിറ്റുവരവിന്റെ മുഴുവനുമോ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും വർഷത്തിൽ നികുതി തിട്ടപ്പെടുത്തലിൽ നിന്ന് വിട്ടുപോകുകയോ, റിട്ടേൺ കാലയളവ് തിട്ടപ്പെടുത്തിയിട്ടുള്ളത് കുറവായിപ്പോകുകയോ തിട്ടപ്പെടുത്തേണ്ട നിരക്കിലും താണ നിരക്കിൽ നികുതി തിട്ടപ്പെടുത്തിയിരിക്കുകയോ അതിൽനിന്നും ഏതെങ്കിലും കിഴിവ് തെറ്റായി വരുത്തിയിരിക്കുകയോ അഥവാ തെറ്റായി നിക്ഷേപവിഭവ നികുതി ഇളവ് നേടുകയോ ചെയ്തിട്ടുള്ളിടത്ത്, നികുതി തിട്ടപ്പെടുത്തുന്ന അധികാരിക്ക് റിട്ടേണുമായി ബന്ധപ്പെട്ട വർഷത്തെ അവസാന തീയതി മുതൽ അഞ്ചു വർഷത്തിനകം എപ്പോൾ വേണമെങ്കിലും നികുതി തിട്ടപ്പെടുത്തുന്നതിൽ നിന്ന് വിട്ടുപോയിട്ടുള്ളതോ, കുറവായി നികുതി തിട്ടപ്പെടുത്തിയിട്ടുള്ളതോ ചുമത്തേണ്ട നിരക്കിൽ നിന്നും താണ നിരക്കിൽ നികുതി തിട്ടപ്പെടുത്തിയിട്ടുള്ളതോ ഏതിനെ സംബന്ധിച്ചാണോ തെറ്റായി നേടിയിട്ടുള്ളതോ ആയ വിറ്റുവരവ് യുക്തിസഹമായി എത്രയെന്ന് തീരുമാനിക്കുന്നതിന് നടപടി എടുക്കാവുന്നതും, വ്യാപാരിക്ക് നോട്ടീസ് നൽകുകയും തനിക്ക് ആവശ്യമെന്ന് തോന്നുന്ന അന്വേഷണം നടത്തുകയും ചെയ്തശേഷം അങ്ങനെയുള്ള മൊത്ത വിറ്റുവരവിന്മേൽ കൊടുക്കേണ്ട നികുതി തിട്ടപ്പെടുത്തുകയോ അഥവാ നിക്ഷേപ വിഭവ നികുതി ഇളവ് തെറ്റായി നേടിയിട്ടുള്ളത് അനുവദിക്കാതിരിക്കുകയോ ചെയ്യാവുന്നതുമാകുന്നു:

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം നികുതി തിട്ടപ്പെടുത്തുന്നതിന് മുമ്പായി വ്യാപാരിക്ക് പറയുവാനുള്ളത് കേൾക്കുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്:

** ** **

"എന്നുമാത്രമല്ല, ഈ വകുപ്പുപ്രകാരം 2007-08 വർഷങ്ങൾവരെയുള്ള നികുതിനിർണ്ണയം പൂർത്തിയാക്കുവാനുള്ള സമയപരിധി 2013 മാർച്ച് 31 വരെ ദീർഘിപ്പിക്കേണ്ടതാണ്.";

**                **                **

25 എ. ആഡിറ്റ് ഒബ്ജക്ഷനുകൾ അടിസ്ഥാനമാക്കിയുള്ള നികുതിനിർണ്ണയം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ചെയ്ത ഒരു നികുതിനിർണ്ണയം അല്ലെങ്കിൽ പുനർനികുതിനിർണ്ണയം അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ ഫയൽ ചെയ്ത ഏതെങ്കിലും റിട്ടേണുകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ, ഒരു ആക്ഷേപം ഉന്നയിക്കപ്പെടുകയും, അത്തരം ആക്ഷേപം നിയമപരമാണെന്ന് നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥന് ബോദ്ധ്യപ്പെടുകയും ചെയ്യുകയാണെങ്കിൽ, അതതുസംഗതിപോലെ, ആരുടെ നികുതി നിർണ്ണയം അല്ലെങ്കിൽ പുനർനികുതിനിർണ്ണയം അല്ലെങ്കിൽ സൂക്ഷ്മപരിശോധന സംബന്ധിച്ചാണോ ആക്ഷേപം ഉന്നയിച്ചിട്ടുള്ളത്, ആ വ്യാപാരിയുടെ അല്ലെങ്കിൽ വ്യാപാരികളുടെ പുനർനികുതിനിർണ്ണയവുമായി നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥൻ മുന്നോട്ടുപോകേണ്ടതാണ്:

എന്നാൽ, വ്യാപാരിക്ക് പറവയുവാനുള്ളത് പറയുവാൻ ഒരു അവസരം കൊടുക്കാതെ ഈ വകുപ്പിൽകീഴിൽ ഒരു ഉത്തരവും പാസ്സാക്കാൻ പാടുള്ളതല്ല.

**                **                **

## പട്ടികകൾ

### "ഒന്നാം പട്ടിക

### 6-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ചരക്കുകൾ

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്. എസ്. എൻ. കോഡ്* |
|---|---|---|
| (1) | (2) | (3) |
| 1 | കൈകൊണ്ടോ, മൃഗത്താലോ പ്രവർത്തിപ്പിക്കുന്ന കാർഷിക ഉപകരണങ്ങൾ | |
| | (1) മൺവെട്ടികളും കോരികളും | 8201.10.00 |
| ** | ** | ** |

| (1) | (2) | (3) |
|---|---|---|
| 42 | കേന്ദ്ര/സംസ്ഥാന സർക്കാർ ഡിപ്പോകളിൽ നിന്നും അംഗീകൃത റേഷൻ വ്യാപാരികൾക്ക് വിൽപ്പനയ്ക്കായി നൽകുന്ന അരി | *** |
| ** | ** | ** |
| 61 | കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് നിർമ്മിച്ച ചോക്ക്, കുട, ബുക്കുകൾ (ബൈൻഡ് ചെയ്തത്) എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങൾ അവർ നടത്തുന്ന വിൽപ്പനയുടെ ഓരോ ഘട്ടത്തിലും | *** |
| ** | ** | ** |

## രണ്ടാം പട്ടിക

### 6-ാം വകുപ്പ് (1)-ാം ഉപകുപ്പ് പ്രകാരം വിൽപ്പനയുടെ എല്ലാ ഘട്ടങ്ങളിലും1% നിരക്കിൽ നികുതി ചുമത്താവുന്ന ചരക്കുകളെ സംബന്ധിച്ച്

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്. എസ്. എൻ. കോഡ്* |
|---|---|---|
| (1) | (2) | (3) |
| 1 | സ്വർണ്ണ-വെള്ളിക്കട്ടികൾ | |
| | (1) വെള്ളി | 7106.91.00 |
| | (2) സ്വർണ്ണം | 7108.12.00 |
| | ** ** | ** |
| | (11) അമൂല്യലോഹങ്ങളുടെ ഉപയോഗശൂന്യമായ അവശിഷ്ടങ്ങളും ലോഹകഷണങ്ങളും | 7112 |
| | (12) സ്വർണ്ണ നാണയങ്ങൾ | *** |
| 2 | വിട്ടുകളഞ്ഞു | |
| 3 | പേളുകൾ, പ്രകൃതിദത്തമായതോ കൾച്ചർ ചെയ്തതോ | |
| | ** ** | ** |
| 6 | പൊടി അരിയും മലരും വറുത്തരിയും അവലും ഉൾപ്പെടെയുള്ള അരി | |
| | (1) നെല്ല് അല്ലാത്ത അരി | 1006 |
| | (2) മലരും വറുത്തരിയും അവലും | 1904.20.00 |
| | (3) പൊടി അരി | 1006.40.00 |
| | ** ** | ** |

മൂന്നാം പട്ടിക—5% നിരക്കിൽ നികുതി ചുമത്താവുന്നത്

6 (1) (എ) വകുപ്പ് കാണുക

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്. എസ്. എൻ. കോഡ്* |
|---|---|---|
| (1) | (2) | (3) |
| 1 | കായികമായി പ്രവർത്തിപ്പിക്കാത്തതും അല്ലെങ്കിൽ മൃഗങ്ങൾ മുഖേന വലിച്ചുകൊണ്ടുപോകുന്നതല്ലാത്തതുമായ കൃഷി, തോട്ടക്കൃഷി ഉപകരണങ്ങളും അവയുടെ ഭാഗങ്ങളും : | |
| | (1) പുൽത്തകിടി അല്ലെങ്കിൽ സ്പോർട്സ് മൈതാന റോളറുകൾ, കൃഷി, തോട്ടക്കൃഷി അല്ലെങ്കിൽ വനവൽക്കരണം എന്നിവയ്ക്ക് നിലമൊരുക്കുന്നതിനും അല്ലെങ്കിൽ വിളവെടുപ്പിനും വേണ്ടിയുള്ള യന്ത്രങ്ങൾ | 8432 |
| | (2) മെതിക്കുന്നതിനും അല്ലെങ്കിൽ കൊയ്യുന്നതിനുമുള്ള യന്ത്രം, ഉണക്കപ്പുല്ലോ വയ്ക്കോലോ കെട്ടാക്കുന്നതിനും പച്ചപ്പുല്ലോ ഉണക്കപ്പുല്ലോ അരിയുന്നതിനുമുള്ള യന്ത്രങ്ങൾ ഉൾപ്പെടെ, മുട്ടകളും, പഴങ്ങളും അല്ലെങ്കിൽ മറ്റു കാർഷികോൽപ്പന്നങ്ങളും വൃത്തിയാക്കുന്നതിനും തരംതിരിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള യന്ത്രങ്ങൾ | 8433 |
| | ** ** ** | |
| 62 | ഐസ് | 2201.90.10 |
| | ** ** ** | |
| 86 എ | മുനിസിപ്പൽ ഖരമാലിന്യ മാനേജ്മെന്റ് എകിപ്മെന്റും പ്ലാന്റും | *** |
| | ** ** ** | |
| 87 | (1) റബ്ബർ ഹവായ് ചപ്പലുകൾ | *** |
| | (2) എം.ആർ.പി. 200 രൂപയിൽ കവിയാത്തതും എല്ലാ തരത്തിലുള്ള പാദരക്ഷകളും മോൾഡഡ് പ്ലാസ്റ്റിക് പാദരക്ഷയുടെ കാര്യത്തിൽ എം.ആർ.പി. സോളിൽ എംബോസ്സ് ചെയ്തിട്ടുള്ളതും, മറ്റുള്ളവയുടെ സംഗതിയിൽ മാഞ്ഞുപോകാത്ത രീതിയിൽ അടയാളം ചെയ്തിട്ടുള്ളവയും | *** |
| | (3) മുകൾഭാഗം ഉൾപ്പെടെയുള്ള പാദരക്ഷയുടെ ഭാഗങ്ങൾ | *** |
| | ** ** ** | |

| (1) | | (2) | (3) |
|---|---|---|---|
| 107 | പുതുക്കാവുന്ന ഊർജ്ജ സാമഗ്രികളും സ്പെയർ പാർട്ടുകളും | | |
| | (1) | വിന്റ് റ്റർബയിൻ/എഞ്ചിൻ | **** |
| | (2) | റ്റർബയിൻ/എഞ്ചിൻ ഭാഗങ്ങൾ | 8412.80.30 |
| | (3) | സോളാർ സെല്ലുകൾ | 8412.90.90 |
| | (4) | സോളാർ റാന്തലുകളും വിളക്കുകളും | 8541.40.11 |
| | (5) | സോളാർ റാന്തലുകളുടെയും വിളക്കുകളുടെയും ഭാഗങ്ങൾ: | 9405.50.40 |
| | | (എ) ഗ്ലാസ്സിന്റെ | 9405.91.00 |
| | | (ബി) പ്ലാസ്റ്റിക്കിന്റെ | 9405.99.00 |
| | (6) | സോളാർ ഊർജ്ജ ഉപകരണം | **** |
| | (7) | സോളാർ വാട്ടർ ഹീറ്ററുകളും സംവിധാനങ്ങളും | **** |
| | (8) | സോളാർ ക്രോപ് ഡ്രയേഴ്സുകളും സംവിധാനങ്ങളും | **** |
| | (9) | സോളാർ റഫ്രിജറേഷനുകൾ, സോളാർ കോൾഡ് സ്റ്റോറേജുകളും സോളാർ എയർ കണ്ടീഷണിംഗ് സംവിധാനങ്ങളും | **** |
| | (10) | സോളാർ സ്റ്റില്ലുകളും ഡീസലൈനേഷൻ സംവിധാനങ്ങളും | **** |
| | (11) | സോളാർ തെർമ്മൽ അടിസ്ഥാനമാക്കിയുള്ള സോളാർ പമ്പുകളും സോളാർ ഫോട്ടോവോൾട്ടൈക്ക് കൺവേർഷനും | **** |
| | (12) | സോളാർ പവർ ജനറേറ്റിംഗ് സിസ്റ്റം | **** |
| | (13) | സോളാർ കുക്കറുകൾ | **** |
| | (14) | കോൺസൻട്രേറ്റിംഗും പൈപ്പ് ടൈപ്പും ആയ സോളാർ കളക്ടറുകളും | **** |
| | (15) | ഫ്ളാറ്റ് പ്ലേറ്റ്, സോളാർ കളക്ടറുകൾ | **** |
| | (16) | സോളാർ ഫോട്ടോവോൾട്ടൈക്ക് മോഡ്യൂളുകളും വാട്ടർ പമ്പിന്റെ ഭാഗങ്ങളും മറ്റു ആപ്ലിക്കേഷനുകളും | **** |
| | (17) | വിൻഡ് മില്ലുകളും വിൻഡ് മില്ലുകളിൽ പ്രവർത്തിക്കുന്ന പ്രത്യേകമായി ഡിസൈൻ ചെയ്ത ഉപകരണങ്ങളും | **** |
| | (18) | വിൻഡ് എനർജിയിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക് ജനറേറ്റർ പമ്പുകൾ ഉൾപ്പെടെയുള്ള ഏതൊരു പ്രത്യേക ഉപകരണങ്ങളും | **** |

| (1) | (2) | (3) |
|---|---|---|
| | (19) ബാറ്ററി പവർ കൊണ്ടും ഇന്ധനസെല്ലിന്റെ പവർ കൊണ്ടും പ്രവർത്തിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള വിദ്യുച്ഛക്തികൊണ്ട് പ്രവർത്തിപ്പിക്കുന്ന വാഹനങ്ങൾ | **** |
| | (20) തിരമാലകളേയും സമുദ്രങ്ങളിലെ താപോർജ്ജത്തേയും വിനിയോഗിക്കുന്നതിനായുള്ള ഉപകരണം | **** |
| | (21) കാർഷിക-മുനിസിപ്പൽ മാലിന്യങ്ങളെ പരിവർത്തനപ്പെടുത്തി ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ | **** |
| | (22) ബയോഗ്യാസ് എനർജി എഞ്ചിൻ, ബയോഗ്യാസ് പ്ലാന്റുകളുടെ ഗ്യാസ് ഹോൾഡറും അടുപ്പും (ബർണർ) | |
| | (23) നവീകരിച്ച അടുപ്പുകൾ (വുഡ് ബേർണിംഗ് സ്റ്റൗ) | **** |
| | (24) കറുപ്പ് തുടർച്ചയായി പ്ലേറ്റ് ചെയ്ത സോളാർ സെലക്റ്റീവ് കോട്ടിംഗ് ഷീറ്റുകളും ഫാനുകളും ട്യൂബുകളും | **** |
| | (25) വാക്വം ട്യൂബ് സോളാർ കളക്ടറുകൾ | **** |
| | (26) സ്റ്റെർലിംഗ് എഞ്ചിനുകൾ | **** |
| | (27) അഗ്രിക്കൾച്ചറൽ അർബൻ വേസ്റ്റ് മുതലായവ നിർമ്മിതമായ സോളിഡ് ബ്രിക്കറ്റുകൾ | **** |
| | (28) ബ്രിക്കറ്റുകൾ ഉണ്ടാക്കുന്ന പ്ലാന്റും മെഷീനറിയും | **** |
| | (29) തെർമ്മൽ എഫീഷ്യന്റ് ഇംപ്രൂവ് കുൾ സ്റ്റൗ (അടുപ്പ്) | **** |
| | (30) ബയോമാസ് അടിസ്ഥാനമാക്കിയുള്ള സ്റ്റെർലിംഗ് എൻഞ്ചിൻ | **** |
| | (31) സോളാർ ഫോട്ടോ വോൾട്ടിക്ക് സെല്ലുകളും മോഡ്യൂളുകളും മറ്റ് സംവിധാനങ്ങളും/ ഉപകരണങ്ങളും | **** |
| | (32) വ്യാവസായിക/ഡിസ്റ്റലറി എഫീഷ്യന്റ് ട്രീറ്റ്മെന്റ് പ്ലാന്റിനാവശ്യമായ പ്ലാന്റുകൾ, ഉപകരണം, അസംസ്കൃത വസ്തുക്കൾ | **** |
| ** | ** ** | ** |
| 141 | വിനാഗിരി: | |
| | (1) ബ്രൂഡ് വിനാഗിരി | 2209.00.10 |
| | (2) സിന്തറ്റിക് വിനാഗിരി | 2209.00.20 |
| | (3) മറ്റുള്ളവ | 2209.00.90 |

** ** ** **

<u>ലിസ്റ്റ് എ</u>

[മൂന്നാം പട്ടികയിലെ സീരിയൽ നമ്പരുകൾ കാണുക]

വ്യാവസായിക ഇൻപുട്ടുകളും പായ്ക്കിംഗ് സാമഗ്രികളും

| *ക്രമ നമ്പർ* | *സാധനങ്ങളുടെ വിവരണം* | *എച്ച്.എസ്.എൻ. കോഡ്* |
|---|---|---|
| (1) | (2) | (3) |
| 1 | അസിറ്റാലുകളും ഹെമി അസിറ്റാലുകളും: | |
| | (1) മറ്റുള്ള ഓക്സിജൻ പ്രവർത്തനത്തോടു കൂടിയതോ അല്ലാത്തതോ ആയ അസിറ്റാലുകളും ഹെമി അസിറ്റാലുകളും | 2911.00.10 |
| | (2) മറ്റുള്ളവ | 2911.00.90 |
| ** | ** | ** |
| 84 | ലെഡ് അയിരുകളും കോൺസൻട്രേറ്റുകളും | 2607 |
| 85 | ലെവോ തൈറോക്സിൻ സോഡിയം | **** |
| ** | ** | ** |
| 135എ | റബ്ബർ ലാറ്റക്സ് മുക്കിയ സാധനങ്ങൾ അതായത്, വ്യാവസായിക കയ്യുറകളും കാർഷിക കയ്യുറകളും വിരലുറകളും മാത്രം | **** ”. |
| ** | ** | ** |
| 174 | എല്ലാ തരത്തിലുമുള്ള പായ്ക്കിംഗ് സാധനങ്ങൾ, പ്ലാസ്റ്റിക് സാധനങ്ങൾ കടത്തുന്നതിനോ പായ്ക്ക് ചെയ്യുന്നതിനോ ഉള്ള വസ്തുക്കൾ, പേപ്പർ, ഗ്ലാസ്, ചണം, കർട്ടണുകൾ, ബോക്സുകളും അവയുടെ വേസ്റ്റും ചാക്കുകളും ബാഗുകളും: | |
| | (1) പ്ലാസ്റ്റിക് കൊണ്ടുള്ള ബോക്സുകൾ ക്രേറ്റുകളും സമാനമായ സാധനങ്ങളും: | |
| ** | ** | ** |
| | (10) പ്രാഥമിക രൂപത്തിലുള്ള എത്തിലിന്റെ പോളിമെറുകൾ: | |
| | (എ) ലിനിയർ ലോ ഡെൻസിറ്റി പോളിത്തിലിൻ (എൽ.എൻ.ഡി.പി.ഇ./എൽ.ഡി.പി.ഇ.) | 3901.10.10 |
| | (ബി) എച്ച്.ഡി.പി.ഇ. | 3901.10.90 |
| | (സി) മറ്റുള്ളവ പോളിത്തിലീൻ | 3901.20.00 |
| | (ഡി) എത്തിലിൻ വിനൈർ അസിറ്റൈറ്റ് കോപോളിമറുകൾ | 3901.30.00 |
| | (ഇ) ലീനിയർ മീഡിയം ഡെൻസിറ്റി പോളിത്തിലീൻ (എൽ.എം.ഡി.പി.ഇ.) | 3901.90.10 |
| | (എഫ്) മറ്റുള്ളവ | 3901.90.90 |